# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.7 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 JULY

*e-paper : vedabhimani*


## മരണം ഒഴിവാക്കാൻ പുതിയ മതം



സിലിക്കൺവാലിയിൽ നിന്നു ഇന്റർനെറ്റ് അധിഷ്ഠിത മതം പടരുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ ദൈവത്തെ കണ്ടെത്താമെന്നാണു തെരെസം മതം പറയുന്നത്.

ആത്മാവിനെ കമ്പ്യൂട്ടറിലേക്ക് പകർത്താമെന്നാണു ന്യൂജനറേഷൻ മതനേതാക്കളുടെ പ്രധാന വാഗ്ദാനം. അതായത് ചിന്തകളും ആഗ്രഹങ്ങളുമെല്ലാം കമ്പ്യൂട്ടർ ഫയലുകളായി ഇന്റർനെറ്റിൽ ഇടംപിടിക്കും. പിന്നീട് ഇവ റൊബോട്ടുകൾക്കു നൽകുന്നതോടെ പുനർജനനത്തിനു വഴിതുറക്കുമത്രേ. സേവനം സൗജന്യമാണെന്ന് അറിയിച്ചതോടെ 3,20,000 പേരാണ് ഇന്റർനെറ്റ് വഴി മതത്തിൽ ചേർന്നത്. ഫ്ളോറിഡയിലെ വെർമൗണ്ടിലുള്ള തെരേസൻ മതത്തിന്റെ ആസ്ഥാനത്താണ് ആത്മാവിന്റെ 'കമ്പ്യൂട്ടർ പതിപ്പുകൾ' സൂക്ഷിക്കുക.

കമ്പ്യൂട്ടർ ആത്മാക്കൾക്ക് എന്നു ശരീരം ലഭിക്കുമെന്ന ചോദ്യത്തിനു 500 വർഷം കാത്തിരിക്കാനാണ് പാസ്റ്ററായ റോത്ത്ബ്ലാറ്റിന്റെ നിർദേശം.

2011 വരെ റെസ്റ്റൊറന്റ് നടത്തിയ ശേഷമാണു റോത്ത്ബ്ലാറ്റ് പുതിയ മതത്തിന്റെ പ്രചരണത്തിനായി ജീവിതം സമർപ്പിച്ചത്. ഇതിനിടെ യു.എസ്. കോൺഗ്രസ് തെരഞ്ഞെടുപ്പിലും അദ്ദേഹം ഭാഗ്യം പരീക്ഷിച്ചു. എല്ലാ മതങ്ങളെയും പോലെ തന്റെ മതവും ഒരുനാൾ വളരുമെന്നാണ് ഇദ്ദേഹത്തിന്റെ വിശ്വാസം.

ഈ മതം വളരുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം, ഏതു ഭ്രാന്തൻ ആശയങ്ങൾക്കു പിന്നാലെയും ഒന്നും ചിന്തിയ്ക്കാതെ ഇറങ്ങിതിരിയ്ക്കുവാൻ കുറെ ഭ്രാന്തന്മാർ ഉണ്ടാകുമല്ലോ. ശരീരത്തിൽ നിന്ന് വേർപെടുന്ന ആത്മാവിനെ എങ്ങനെ കണ്ടെത്താൻ കഴിയും? ഭൗതിക വസ്തുവായ കമ്പ്യൂട്ടറിന് അഭൗതിക വസ്തുവായ ആത്മാവിനെ എങ്ങനെ ഉൾക്കൊള്ളാനാവും? തുടങ്ങിയ വേദാഭിമാനിയുടെ ലളിതമായ ചോദ്യങ്ങൾക്കുപോലും പുതിയ മതത്തിന്റെ വക്താക്കൾക്ക് മറുപടി പറയാൻ കഴിഞ്ഞില്ലാ എന്നതാണ് രസകരമായ വസ്തുത.

## ലൂക്കോസിന്റെ സുവിശേഷത്തിനു പിന്നിൽ

ബൈബിളിലെ വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിനു പിന്നിൽ കന്യകമറിയാമെന്ന് അവകാശവാദം. ബ്രിട്ടീഷ് ഗവേഷകനായ ഡോ. ആഡം ബ്രാഡ്ഫോർഡാണു പുതിയ വാദവുമായി രംഗത്തെത്തിയത്.



യേശുവിന്റെ ജനനം, ബാല്യകാലം എന്നിവയെക്കുറിച്ചു ആധികാരികമായ വിവരം നൽകാൻ മാതാവായ മറിയാമിനു മാത്രമേ കഴിയുകയുള്ളൂവെന്നാണു ബ്രാഡ്ഫോർഡിന്റെ നിലപാട്. ലൂക്കോസിന്റെ കാലത്ത് യേശുവിന്റെ ജനനത്തിനു സാക്ഷിയായവരിൽ മാതാവ് മാത്രമേ ജീവിച്ചിരിപ്പുണ്ടായിരുന്നുള്ളു. റോമാക്കാരനായ ലൂക്കോസ് സുവിശേഷം രചിക്കാൻ കന്യകാമറിയാമിനെ സന്ദർശിച്ചിട്ടുണ്ടാകുമെന്നു ബ്രാഡ്ഫോർഡ് പറയുന്നു. ലഭിച്ച വിവരം ലൂക്കോസ് രേഖപ്പെടുത്തുക മാത്രമാണു ചെയ്തതെന്നാണു ഡോക്ടറുടെ അവകാശവാദം. യേശുവിനെക്കുറിച്ച് ആധികാരികമായ വിവരം നൽകാൻ മറിയാമിനു മാത്രമേ കഴിയൂ എന്ന വാദം ശരിയല്ല.

പൗലോസിനോടൊപ്പം ലൂക്കോസ് യാത്ര ചെയ്യുക മാത്രമല്ല, റോമയിൽ രണ്ട് വർഷക്കാലം ഒരു വാടകവീട്ടിൽ ഒന്നിച്ചു പാർക്കുകയും ചെയ്തു. ഈ അവസരത്തിൽ മർക്കോസ് റോമാപട്ടണത്തിൽ ഉണ്ടായിരുന്നു. അവിടെ വച്ച് മർക്കോസിൽ നിന്ന് പത്രോസ് പറഞ്ഞ സാക്ഷ്യങ്ങൾ ഗ്രഹിച്ചാണ് വൈദ്യനായ ലൂക്കോസ് പുതിയനിയമത്തിലെ മൂന്നാംപുസ്തകം എഴുതിയത്. ഇതൊക്കെ അറിയണമെങ്കിൽ ഗവേഷണത്തിന് ഇറങ്ങിതിരിക്കുന്നവർ വേദപുസ്തകവും ചരിത്രവും വായിക്കുകയും പഠിക്കുകയും വേണം.

## ജ്യൂസ് കഴിച്ചാലും പോലീസ് പിടിക്കും!

വൈനും ജ്യൂസും കഴിച്ച് വാഹനം ഓടിക്കുന്നവരുടെ ശ്രദ്ധയ്ക്ക്. മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിൽ ഇക്കൂട്ടർ ശിക്ഷിക്കപ്പെടാം. ഫ്രിഡ്ജിലിരുന്ന പഴകി പുളിച്ച ജ്യൂസുകളും വീട്ടിൽ വാറ്റിയെടുത്ത വൈനുമൊക്കെ പ്രശ്നക്കാരാകാം. 100 മില്ലി രക്തത്തിൽ 30 മില്ലി ഗ്രാമിൽ കൂടുതലാണ് ആൽക്കഹോളിന്റെ അളവെങ്കിൽ മദ്യപരിശോധനയ്ക്ക് ഉപയോഗിക്കുന്ന ബ്രീത്ത് അനലൈസറിൽ അത് രേഖപ്പെടുത്തും.

പാലായിൽ നിന്നും മുന്തിരി ജ്യൂസ് കഴിച്ച് വാഹനമോടിച്ച രണ്ടു വിശ്വാസികൾ പോലീസ് പിടിയിലായി. മദ്യപിച്ചില്ലെന്ന് തർക്കിച്ചിട്ടും രക്തത്തിൽ മദ്യത്തിന്റെ അളവ് അനുവദനീയമായതിൽ കൂടുതലാണെന്ന് രേഖപ്പെടുത്തി. തർക്കം മുറുകിയെങ്കിലും പോലീസ് പിഴ ഈടാക്കി.

ഒരു ദിവസം കഴിഞ്ഞ ജ്യൂസും നേരിയ ലഹരി മാത്രമുള്ള വൈനുമൊക്കെ പ്രശ്നമാകുമെന്ന് പോലീസ് വ്യക്തമാക്കി.

ചില കൂൾബാറുകൾ പഴകിയ മുന്തിരിയ്ക്കൊപ്പം കേടാവാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കുന്നതും ലഹരി വർദ്ധിപ്പിക്കാൻ കാരണമാകാം. ചില



ബ്രാൻഡ് കോളായിലും ലഹരിയുണ്ടെന്ന് പോലീസ് പറയുന്നു.


### ലിക്കസ്ട്ര



ഐസ്ക്രീം കഴിക്കാൻ നല്ല രസമല്ലേ? എന്നാൽ ഐസ്ക്രീം കഴിക്കുമ്പോൾ ഒരു സംഗീതമുണ്ടായാലോ? അതാണ് ലിക്കസ്ട്ര! ന്യൂയോർക്കിലെ ഡിസൈനർമാരായ എമിലി ബാൾട്സും കാർല ഡയാനയും ആണ് ഈ രസികൻ ആശയത്തിനു പിന്നിൽ. നമ്മൾ നാവുകൊണ്ട് ഐസ്ക്രീം നുണയേണ്ട താമസം, ഉടൻ കേൾക്കാം മ്യൂസിക്!

ഐസ്ക്രീം കോണുകളിൽ സെൻസറുകൾ ഘടിപ്പിച്ച് അവ കംപ്യൂട്ടറുകളിൽ കണക്ട് ചെയ്താണ് അവർ ലിക്കസ്ട്രക്ക് ജീവൻ കൊടുത്തത്!

### കെറ്റ്സെൽ മാജിക്



പിയാനോ വായനക്കാരനായിരുന്ന മോറിസ് കോട്ടെലിന്റെ പൂച്ചയാണ് കെറ്റ്സെൽ. ഒരു ദിവസം രാവിലെ കെറ്റ്സെൽ പിയാനോയുടെ മുകളിൽ കയറി കാലുകൾകൊണ്ട് കീബോർഡിൽ ചവിട്ടി ശബ്ദമുണ്ടാക്കി. അതിൽ സംഗീതമുണ്ടെന്ന് മനസ്സിലാക്കിയ മോറിസ് വേഗം ആ കോഡുകൾ എഴുതിയെടുത്തു. മോറിസിന് അത് വിശ്വസിക്കാനായില്ല. മനോഹരമായ ഒരു സംഗീതസൃഷ്ടിയായിരുന്നു അത്, മോറിസ് അത് മത്സരത്തിനായി അയച്ചു. മികച്ച സംഗീതത്തിനുള്ള അവാർഡ് അത് നേടി. അതോടെ കെറ്റ്സെൽ താരമായി.

### കല്ലിനു പകരം എല്ല്



വീടു പണിയാൻ കല്ലാണല്ലോ നമ്മൾ ഉപയോഗിക്കുന്നത്. എന്നാൽ കല്ലിനു പകരം എല്ലുകൊണ്ട് ഉണ്ടാക്കിയ ഒരു കെട്ടിടം കണ്ടോളൂ. പോളണ്ടിലെ സ്മേർന ഗ്രാമത്തിലെ കൂറ്റൻ പള്ളിയാണിത്. പള്ളിയുടെ ചുമരുകളും മേൽക്കൂരയുമൊക്കെ നിർമ്മിച്ചിരിക്കുന്നത് അസ്ഥികളും തലയോട്ടികളും കൊണ്ടാണ്. പതിനെട്ടാം നൂറ്റാണ്ടിൽ യുദ്ധത്തിലും പ്ലേഗ് രോഗത്താലും മരിച്ചവരുടേതാണ് എല്ലുകൾ. ഇരുപത്തിനാലായിരത്തോളം ആളുകളുടെ അസ്ഥികൾ ഉപയോഗിച്ചാണ് പള്ളി പണിതിരിക്കുന്നത്. മരിച്ചവർക്കുള്ള സ്മാരകം കൂടിയാണ് ഈ എല്ലു പള്ളി.

### കടലിൽ ഒരു സവാരി



ഇറ്റലിക്കാരൻ വിട്ടോറിക്കൊപ്പം സൈക്കിളിൽ ചുറ്റിയടിക്കണമെങ്കിൽ ആദ്യം നീന്തൽ പഠിക്കണം. കാരണം കരയിലല്ല, കടലിലാണ് വിട്ടോറിയുടെ സൈക്കിൾ സവാരി. മെഡിറ്ററേനിയൻ കടലിന്റെ അടിത്തട്ടിൽ സൈക്കിൾ യാത്ര നടത്തി ഇദ്ദേഹം ഗിന്നസ്ബുക്കിലും കയറിപ്പറ്റി.

### മുയലാന



ഇതു മുയലിന്റെ പാവയല്ല, സെൻട്രൽ ഇംഗ്ലണ്ടിനെ ഗിന്നസ് ബുക്കിൽ എത്തിച്ച ഡാരിയസാ മുയലാണിത്. അന്നാറ്റേ എഡ്വേഡ്സിന്റെ മുയലിന് 22 കിലോഗ്രാമാണു ഭാരം. ഒരു വർഷം 4,000 കാരറ്റാണ് ഇവനുവേണ്ടത്. തീറ്റി നൽകാൻ പ്രതിവർഷം 2.5 ലക്ഷം രൂപയാണു ചെലവ്. അവനു തീറ്റി ഒരുക്കുക പ്രയാസമാണെങ്കിലും സ്നേഹത്തിനു പിന്നിൽ എല്ലാം മറക്കുമെന്ന് അന്നാറ്റേ പറയുന്നു.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs. 150 \| മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |

# സത്യം അവഗണിയ്ക്കാതെ

**ദൈ**വം പറയുന്നത് ശ്രദ്ധിച്ചു കേൾക്കുകയും ഏറ്റവും നന്നായി അവനുവേണ്ടി ജീവിക്കയും അവന്റെ സന്ദേശം അറിയിക്കയും ചെയ്തിട്ട്, ഒരുപക്ഷെ നിങ്ങൾക്ക് നിരാശയും പരാജയവും ലഭിച്ചിരിക്കാം. നിങ്ങൾ അപ്രധാനവും നിഷ്ഫലവുമെന്ന് നിങ്ങൾക്ക് തോന്നാം. മറ്റുള്ളവർ നിങ്ങളുടെ സമർപ്പണത്തെ പുച്ഛിച്ച്, ഒരു അയോഗ്യനെന്ന നിലയിൽ നിങ്ങളോട് പെരുമാറുകയോ, അല്ലെങ്കിൽ നിങ്ങൾ അമിതമായി പ്രതികരിക്കുന്നതായോ പറഞ്ഞേക്കാം. പരിഹസിക്കപ്പെട്ട്, നിശബ്ദനായി, ചിന്തകളുമായി ഏകാന്തതയിൽ കഴിയുവാൻ ഒരുപക്ഷേ നിങ്ങൾ ആഗ്രഹിച്ചേക്കാം.

മരണഭീഷണിയുണ്ടായിട്ടും, തന്റെ വിശ്വസ്തത കാത്തുസൂക്ഷിച്ച യിരെമ്യാവിനെ, ഓർമ്മിക്കുക. ദൈവം ഇപ്പോഴും സകലവും നിയന്ത്രിക്കുന്നു, അവന്റെ ഉദ്ദേശങ്ങൾ യിരെമ്യാവിന്റെ കാലത്തിലേതുപോലെ തന്നെയാണ്. ദൈവം നമ്മെ സൃഷ്ടിച്ചത് ഒരു പ്രത്യേക ഉദ്ദേശത്തിനാണ്. തനിക്ക് നമ്മിൽ വസിപ്പാൻ ഒരു സ്ഥലത്തോടുകൂടി, തന്റെ സ്വരൂപത്തിലാണ് ദൈവം നമ്മെ നിർമ്മിച്ചത്. തനിക്കുവേണ്ടി ദൈവം നമ്മിൽ നിർമ്മിച്ച ഹൃദയം അവനു വസിക്കുവാനുള്ളതാണ്. നമ്മുടെ ശരീരങ്ങൾ അവന്റെ മന്ദിരമാകുവാനും അവൻ ആഗ്രഹിക്കുന്നു (1 കൊരി. 6:19,20; എഫെസ്യർ 2:21,22).

ദൈവം നമ്മെ വിളിക്കുന്നത് എളുപ്പമുള്ള ജീവിതം നയക്കുവാനല്ല. ക്രൂശിലേക്കും, ലജ്ജയിലേക്കും, പരിഹാസത്തിലേക്കുമാണ് അവൻ നമ്മെ വിളിക്കുന്നത്. നമ്മുടെ ജീവിതംകൊണ്ട് യേശുവിനെ ഉയർത്തുവാൻ തന്നെത്താൻ ത്യജിക്കുവാനാണ് കർത്താവ് കല്പിച്ചിരിക്കുന്നത്. അവനെ സേവിക്കുന്നതിനുള്ള വില നമുക്ക് താങ്ങുവാൻ കഴിയുന്നതിനപ്പുറമാണ്. എങ്ങനെയായാലും, അവനെ സേവിക്കാതിരുന്നാൽ, അതിലും വലിയ വിലയാണ് നൽകേണ്ടി വരിക.

ഒരുപക്ഷെ നിങ്ങൾ യഹൂദ്യയെപോലെ ആയിരിക്കാം – കേൾക്കുന്നുണ്ടാകാം, പക്ഷെ ദൈവം പറയുന്നതല്ലായിരിക്കാം കേൾക്കുന്നത്. ദൈവസാന്നിധ്യത്തിനു മുകളിൽ പാപസുഖം നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ? തിരിച്ചറിയാതെ ഒരുപക്ഷെ നിങ്ങൾ നിൽക്കുന്നത് അപകടകരമായ ആത്മീയമായ അധഃപതനത്തിലായിരിക്കാം. സത്യം പ്രസംഗിക്കുന്നത് നിങ്ങൾ കേട്ടിരിക്കാം, പക്ഷെ നിങ്ങൾക്ക് അത് വിശ്വസിക്കുവാൻ കഴിഞ്ഞിരിക്കയില്ല. പ്രാസംഗികൻ നമ്മുടെ ഇഷ്ടപ്രകാരം പ്രസംഗിക്കണമെന്ന ആഗ്രഹം ആയിരിക്കും സത്യം അഭിമുഖീകരിക്കുന്നതിനേക്കാൾ എളുപ്പം.

വിദ്യാഭ്യാസം, ശാസ്ത്രീയ ഗവേഷണം, സാങ്കേതികപുരോഗതി എന്നിവയാൽ ഭൗതികവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താമെന്നാണ് ഇന്ന് ആളുകൾ വിചാരിക്കുന്നത്. എന്നാൽ എത്ര വിദ്യാഭ്യാസം ചെന്നവരായാലും, എത്ര ജ്ഞാനമുള്ളവരായാലും, ദൈവത്തെ കൂടാതെ അവർക്ക് നന്നാകുവാൻ സാധ്യമല്ല എന്നതാണ് വാസ്തവം. വിദ്യാഭ്യാസവും, ഗവേഷണവും, സാങ്കേതികത്വവുമെല്ലാം സഹായകരമാണ്, പക്ഷെ ദൈവത്തെ കൂടാതെ, ഈ ഭൂമിയിലെ ജീവിതം ഗുണകരമാക്കുവാൻ സാധ്യമല്ല. ഭൗതിക സമ്പാദ്യാരാധന സ്വയം നശിപ്പിക്കുന്നതാണ്. ആളുകൾ, അവർ ആരാധിക്കുന്നവയെപോലെ ആയിമാറും. ഒരാൾ തന്റെ സമ്പാദ്യത്തെ ആരാധിക്കുമ്പോൾ, അയാളുടെ ആത്മാവ് ചുരുങ്ങുകയും ദൈവിക യാഥാർത്ഥ്യവുമായുള്ള ബന്ധം നഷ്ടമാകുകയും ചെയ്യും.

ലേഖനങ്ങളിൽ, ജ്ഞാനികളെന്ന് പറഞ്ഞുകൊണ്ട് ബുദ്ധിഹീനരായിരിക്കുന്ന ആളുകളെ കുറിച്ചു പറയുന്നുണ്ട് (റോമർ 1; കൊരി. 2). അവർ ദൈവത്തിന്റെ പ്രതിമയെ മനുഷ്യരുടേയും മൃഗത്തിന്റേയും പ്രതിമയാക്കി മാറ്റിയിരിക്കുന്നു. അവർ ദൈവത്തിന്റെ സന്ദേശം തങ്ങൾക്ക് ബോധിച്ച രീതിയിൽ മാറ്റുവാൻ സ്വാതന്ത്ര്യം എടുത്തിരിക്കുന്നു. റോമർ 1–ൽ മൂന്നു പ്രാവശ്യം പൗലൊസ് പറഞ്ഞു, “ദൈവം അവരെ അതിന് ഏൽപ്പിച്ചിരിക്കുന്നു” (വാ. 24, 26, 28). ദൈവം ആളുകളെ അവരുടെ ഇംഗീതപ്രകാരമുള്ള ജീവിതത്തിലേക്ക് വിടുമ്പോൾ, അല്ലെങ്കിൽ സത്യദൈവത്തെ വിട്ട് അസത്യത്തിലേക്ക് തിരിയുമ്പോൾ തങ്ങൾ നഷ്ടപ്പെട്ടവരാണെന്ന് തോന്നാത്തവിധത്തിൽ അവർ നഷ്ടപ്പെടുന്നു.

ദൈവവചനം ശ്രദ്ധയോടെ കേൾക്കേണ്ടത് അത്യാവശ്യമാണെന്നുണ്ടെങ്കിൽ, അത് ഇപ്പോഴാണ്. കർത്താവിന്റെ വചനം കേൾക്കുവാൻ ഇനിയും ധാരാളം സമയമുണ്ടെന്നോ, അല്ലെങ്കിൽ അതിന് പറ്റിയ സമയം പിന്നീട് ലഭിക്കും എന്നോ ചിന്തിക്കുക വളരെ എളുപ്പമാണ്. ആളുകൾ എളുപ്പത്തിൽ വഞ്ചിതരാകും. നമുക്ക് ഇഷ്ടമുള്ളത് കേൾപ്പാനും ഇഷ്ടമില്ലാത്തത് അരിച്ചു കളവാനുമാണ് പലപ്പോഴും നമുക്ക് താല്പര്യം.

1965–ൽ ചിലിയുടെ തീരത്തുനിന്ന് നൂറുകണക്കിന് മൈൽ അകലെ ഒരു ഭൂകമ്പമുണ്ടായതുകൊണ്ട് കടലിൽ വലിയോരു തിരമാല രൂപപ്പെട്ടുകൊണ്ടിരുന്നു. അത് തീരത്തെത്തുവാൻ മണിക്കൂറുകൾ എടുത്തു. തീരദേശവാസികളോട് ഓടി ഉയർന്ന പ്രദേശങ്ങളിൽ പോയി രക്ഷപ്പെടുവാൻ അധികാരികൾ മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു. തിരമാല വന്നുപോയപ്പോൾ മുപ്പത്തിരണ്ടുപേർ മരിക്കുകയും, ഇരുപത്തിയേഴു പേർ കാണാതാവുകയും ചെയ്തതായി വിവരം ലഭിച്ചു. യുണൈറ്റഡ് പ്രസ് ഇന്റർനാഷണൽ കറസ്പോണ്ടന്റ് ജോർജ് ഈഗിൾ പറഞ്ഞു, “ഇതിൽ ആരും മരിക്കേണ്ടിയിരുന്നില്ല. കാരണം അവർക്ക് രക്ഷപെടുവാൻ വേണ്ടത്ര സമയം കൊടുത്തിട്ടും, അവർ മുന്നറിയിപ്പ് അവഗണിക്കുകയായിരുന്നു.”

നമുക്ക് സത്യം അവഗണിക്കാതെ അല്ലെങ്കിൽ കേൾക്കുവാൻ പിന്നീട് അവസരം ലഭിക്കും എന്ന് ചിന്തിക്കാതിരിക്കാം. മറിച്ച്, നമുക്ക് പൗലൊസിന്റെ പ്രബോധനം ശ്രദ്ധിക്കാം:

....ഇതാ, ഇപ്പോഴാകുന്നു “സുപ്രസാദകാലം”, ഇപ്പോഴാകുന്നു, “രക്ഷാദിവസം” (2 കൊരി. 6:2).



# ഭിന്നമായ സംസ്ക്കാരവും അന്യോന്യമുള്ള വിമർശനങ്ങളും

**മാ**ർട്ടിൻ നിമോയ്ലർ എന്ന പേര് നാം അധികം കേട്ടിരിക്കാൻ സാധ്യതയില്ല. ജർമനിയിലെ ലൂഥറൻ വികാരിയായിരുന്ന അദ്ദേഹം ഹിറ്റ്ലറേയും നാത്സികളേയും അനുകൂലിച്ചിരുന്ന അവിടുത്തെ പ്രൊട്ടസ്റ്റന്റ് സഭയ്ക്കെതിരെ അതിവിമർശനാത്മകമായ നിലപാടെടുത്തു. അതിനെ തുടർന്നു നാത്സികൾ അദ്ദേഹത്തെ പല കോൺസെൻട്രേഷൻ പാളയങ്ങളിലേക്കു അയയ്ക്കുകയും പീഡിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റേതായി വളരെ പ്രശസ്തമായൊരു ഉദ്ധരണിയുണ്ട്, അതിങ്ങനെ വായിക്കാം: “ആദ്യമവർ സോഷ്യലിസ്റ്റുകളെ അന്വേഷിച്ചുവന്നു, അപ്പോൾ ഞാനൊന്നും മിണ്ടിയില്ല. കാരണം ഞാനൊരു സോഷ്യലിസ്റ്റല്ലായിരുന്നു. പിന്നെയവർ ട്രേഡ്യൂണിയനിസ്റ്റുകളെ തേടി വന്നു. ഞാനൊന്നും സംസാരിച്ചില്ല. കാരണം ഞാനൊരു ട്രേഡ് യൂണിയനിസ്റ്റല്ലായിരുന്നു. പിന്നെയവർ ജൂതന്മാരെ അന്വേഷിച്ചെത്തി. ഞാൻ എതിർത്തൊന്നും പറഞ്ഞില്ല. കാരണം ഞാനൊരു ജൂതനല്ലായിരുന്നു. പിന്നീടവർ എന്നെ അന്വേഷിച്ചെത്തി. അപ്പോൾ എനിക്കുവേണ്ടി സംസാരിക്കാൻ അവിടെയാരും ബാക്കിയുണ്ടായിരുന്നില്ല.’

ഇതോർക്കാൻ കാരണമുണ്ട്. കേരളത്തിൽ അടുത്തകാലത്തു സംഭവിക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ നടന്നു. അതിലൊന്നാമത്തേത്ത്, സ്വാമി സാന്ദീപാനന്ദഗിരിയെ അദ്ദേഹം തന്റെ പ്രസംഗത്തിനിടയിൽ വിമർശിച്ചെന്ന കാരണത്താൽ മർദിച്ചവശനാക്കി. രണ്ടാമത്തേത് വിമർശനാത്മകമായൊരു അഭിമുഖ സംഭാഷണം അടങ്ങിയ പുസ്തകം പ്രസിദ്ധീകരിച്ച ഡി.സി. ബുക്സിനേയും പ്രസാധകനായ രവി ഡി.സി.യുടെ വീടിനേയും ആക്രമിച്ച സംഭവം. മൂന്നാമത്തേത്, ആ പുസ്കത്തെതന്നെ കോടതിയെകൊണ്ടു മൂന്നുമാസത്തേക്കു നിരോധിച്ച സംഭവം. ഇനി നമുക്ക് ഒരു ഫ്ളാഷ്ബാക്കിലേക്കു പോകാം. 1986ൽ നടന്നൊരു സംഭവമാണ്. നിക്കോസ് കസാൻദ്സാക്കിസിന്റെ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം എന്ന നോവലിനെ ആസ്പദമാക്കി പി.കെ. ആന്റണി എഴുതി നാടകമാക്കിയ ക്രിസ്തുവിന്റെ ആറാം തിരുമുറിവിനെ ചുറ്റിപ്പറ്റിയുണ്ടായ വിവാദങ്ങൾ നമ്മുടെ മുമ്പിലെത്തുന്നു. നാടകം നിരോധിക്കണമെന്ന ആവശ്യത്തെ അധികൃതർ പരിഹസിച്ചു തള്ളുകയാണുണ്ടായത്. എത്ര നിസാരമായാണ് ക്രിസ്ത്യാനിയുടെ വാക്കിന്, വികാരത്തിന് വിലയില്ലാതായത്. എതിരഭിപ്രായം പറയുന്നവന്റെ വാക്കായാലും പുസ്തകമായാലും വായടപ്പിക്കുകയും നിരോധനമേർപ്പെടുത്തുകയും ചെയ്യുന്ന ഭൂരിപക്ഷ ഫാസിസത്തിനു പ്രതിരോധം തീർക്കാൻ കേരളത്തിലെ പൊതുമണ്ഡലത്തിനു ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല എന്ന അവസ്ഥാവിശേഷം വലിയൊരു ആശങ്കയ്ക്കു വഴിവയ്ക്കുകയാണിവിടെ. ജനാധിപത്യമെന്നാൽ ഭൂരിപക്ഷാഭിപ്രായത്തിനു മാത്രമേ മാന്യത ലഭിക്കുകയുള്ളുവെന്ന ധാരണ ബലപ്പെടുത്തുന്ന രീതിയിലാണ് മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. നീതി നൽകേണ്ട സംവിധാനങ്ങളായ കോടതികൾ മിക്കപ്പോഴും എതിർക്കുന്നവന്റെ അഭിപ്രായ സ്വാതന്ത്ര്യത്തിനു വിലക്കേർപ്പെടുത്തുകയാണ്. ഇന്ത്യയുടെ ഭരണഘടനയിൽ പറയുന്ന അഭിപ്രായസ്വാതന്ത്ര്യ അവകാശത്തിനുമേൽ സ്റ്റേറ്റിനു ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സാധിക്കും. സാമൂഹ്യ സമാധാനം, മാന്യത, ധാർമികത തുടങ്ങിയ പൊതുതാല്പര്യങ്ങളെ ഭംഗം വരുത്തുവാൻ ഇട നൽകിയാൽ അഭിപ്രായ സ്വാതന്ത്ര്യത്തിനു ന്യായമായ വിലക്കേർപ്പെടുത്താനും സാധിക്കുന്നതാണ്. എന്നാൽ ആ കാരണങ്ങളുടെ ന്യായങ്ങൾ നിശ്ചയിക്കുന്നിടത്താണ് ഈ വിഷയം സങ്കീർണമാകുന്നത്. ഭൂരിപക്ഷം ഉള്ളവരോ അതുണ്ടെന്നു ഭാവിക്കുന്നവരോ ഉന്നയിക്കുന്ന എതിർപ്പിനെ മാത്രം തുടർന്നായിരിക്കരുത് മനുഷ്യാവകാശങ്ങളിൽ ഏറ്റവും പരമമായ അഭിപ്രായ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നത്. സംശയത്തിന്റെ ആനുകൂല്യം എപ്പോഴും അഭിപ്രായം പറയുന്നതിന്റെ പക്ഷത്തുതന്നെയായിരിക്കണം.

സൽമാൻ റുഷ്ദിയുടെ ‘ചെകുത്താന്റെ വേദോക്തികൾ’ എന്ന നോവലിലെ വിഭക്തിയുടേയും ആക്ഷേപഹാസ്യത്തിന്റേയും ബിംബമായ ബാൽ എന്നു പേരുള്ള കവിയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. ഉച്ചരിക്കാൻ ധൈര്യപ്പെടാത്തവയെ ഉച്ചരിക്കുക, കള്ളത്തരങ്ങൾക്കുനേരെ വിരൽചൂണ്ടുക, നിലപാടുകൾ എടുക്കുക, തർക്കിക്കുക, ലോകത്തെ രൂപപ്പെടുത്തുക, അതിനെ ഉറങ്ങാൻ അനുവദിക്കാതിരിക്കുക ഇതൊക്കെത്തന്നെയല്ലേ ചിന്തിക്കുന്ന മനുഷ്യൻ ചെയ്യേണ്ടത്. വേറിട്ട അഭിപ്രായങ്ങൾ പറയാൻ ധൈര്യപ്പെടുന്നവരെ നേരിടേണ്ടതു സ്വന്തം അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടാണ്. സ്വാമി സന്ദീപാനന്ദഗിരി ഹിന്ദു തത്വചിന്തയെക്കുറിച്ച് ഗൗരവമായൊരു ചർച്ചയ്ക്കു എതിർഭാഗത്തു നിൽക്കുന്നവരെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് അവർ ആ ക്ഷണം സ്വീകരിക്കുന്നില്ല?

ഭിന്നമായ സാംസ്കാരിക ധാരകൾ നിലനിൽക്കുന്ന ലോകത്തു അന്യോന്യമുള്ള വിമർശനങ്ങൾ ഒഴിവാക്കുന്നതാണു സമാധാനം നിലനിർത്തുവാനുള്ള പ്രവർത്തനീയമായ മാർഗം എന്നു പറയുന്നുണ്ട്. അന്യോന്യമുള്ള ബഹുമാനത്തിലൂടെ സംഘർഷങ്ങൾ ഒഴിവാക്കിക്കൂടെ എന്നും പറയുന്നുണ്ട്. മറ്റുള്ളവരുടെ വിശ്വാസപ്രമാണങ്ങളെ വിമർശിക്കുകയോ അഭിപ്രായം പറയുകയോ ചെയ്യാതെയുള്ള ഒരു ഭൂരിപക്ഷതയുടെ സെൻസർഷിപ്പ് ഫലത്തിൽ സമൂഹത്തിന്റെ മേൽ കൊണ്ടുവരുകയാണു അത്തരത്തിലുള്ള താല്പര്യങ്ങളുടെ ഉദ്ദേശ്യം. എന്നാലിതു ഇന്ത്യയിൽ നിലനിന്നിരുന്ന മതസംസ്കാരത്തിനു തന്നെ യോജിച്ചതല്ല എന്നാണു പറയാനുള്ളത്. എല്ലാവരും ഉദ്ഘോഷിക്കുന്ന ഭഗവത്ഗീത തന്നെ ദേവനും നരനും തമ്മിലുള്ള ഒരു ചർച്ചയാണല്ലോ.മൂവായിരത്തി അഞ്ഞൂറുവർഷം പഴക്കമുള്ള ഋഗ്വേദത്തിലും സംശയങ്ങളും ചർച്ചകളും കാണാവുന്നതാണ്. അതിലെ പ്രസിദ്ധമായ ഉൽപത്തിയുടെ ഗീതം അവസാനിക്കുന്നതുതന്നെ തീഷ്ണമായ സംശയങ്ങളോടെയാണ്.

ഇന്ത്യയിലെ പ്രാചീനമായ മതസംബന്ധമായ എല്ലാ സംസ്കാരങ്ങൾക്കുള്ളിലും അവ തമ്മിലും വാദപ്രതിവാദങ്ങളുടെ ഒരു നീണ്ട പാരമ്പര്യംതന്നെയുണ്ട്. അതുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ എഴുതി ചേർത്ത അഭിപ്രായ സ്വാതന്ത്ര്യം തനതു സംസ്കാരത്തിന്റെ ശക്തമായ അടിത്തറയിൽതന്നെയാണു പണിതുവച്ചിരിക്കുന്നത് എന്നു പറയേണ്ടിവരുന്നത്. മതങ്ങളിൽ വിശ്വസിക്കുന്നവർ മാത്രമല്ല മതങ്ങളിലും ഈശ്വരന്മാരിലും വിശ്വാസമില്ലാത്തവർ തമ്മിലും വാദപ്രതിവാദങ്ങൾ നടന്നതിന്റെ തെളിവുകൾ പ്രാചീന സാഹിത്യത്തിൽ കാണാവുന്നതാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായ ചാർവാക ദർശനം ദൈവത്തേയും ആത്മാവിനേയും നിരാകരിച്ചു ഈ ജീവിതം നിങ്ങൾ സന്തോഷഭരിതമാക്കൂ എന്നു ഉദ്ഘോഷിക്കുന്നു. ദൈവവുമില്ല ആത്മാവുമില്ല സ്വർഗവുമില്ല, എല്ലാം ബ്രാഹ്മണന്മാർ (എന്നുവച്ചാൽ പുരോഹിതന്മാർ) അവരുടെ ജീവിത സന്ധാരണത്തിനു ഉണ്ടാക്കിയതാണെന്നുകൂടി പറയുന്നുണ്ട്.

പറഞ്ഞുവരുന്നത് ആയിരക്കണക്കിനു വർഷങ്ങളിലൂടെ ഉയർന്നുവന്ന വൈവിധ്യങ്ങളായ സംസ്കാരങ്ങളുടെ ഈ ഭൂമിയിൽ വാദപ്രതിവാദങ്ങൾ നടത്തുകയും ധൈഷണികമായ കൊടുക്കൽ വാങ്ങലുകൾ നടത്തിക്കൊണ്ടും മാത്രമേ നമ്മുടെ സമൂഹത്തിന്റെ സജീവത നിലനിർത്തിക്കൊണ്ടു പോകാൻ സാധിക്കുകയുള്ളു. അപ്രമാദിത്വം ആരും അവകാശപ്പെടുന്നതിൽ കാര്യമില്ല. വാദവും പ്രതിവാദവും നടത്തുമ്പോൾ ‘എന്റെ വികാരം വ്രണപ്പെട്ടു’ എന്നു അലറി വിളിക്കുകയും എതിരാളിയെ ഹിംസാത്മകമായി നേരിടുകയും ചെയ്യുന്നത് താൻ പറയുന്നതും ചെയ്യുന്നതും തെറ്റെന്നു ബോധ്യംവരുമ്പോഴാണ്. തിരിച്ചു പറയാൻ ബുദ്ധിപരവും സത്യസന്ധവുമായി ഒരു കോപ്പും കൈയിലില്ലാതെ വരുമ്പോഴാണ്. അവരവരുടെ വിശ്വാസപ്രമാണങ്ങൾ ശരിയാണെന്നു ബോധ്യമുള്ളവർ വിമർശനങ്ങളെ എന്തിനു ഭയപ്പെടണം. വിമർശനം നടത്തുന്നവരുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ തടയിടാൻ എന്തിനു നിയമപരവും അല്ലാത്തതുമായ മാർഗങ്ങൾ തേടണം.




# സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ



**സ്**കൂളിൽ പഠിക്കുന്ന കുട്ടിയാണ് റോബർട്ട്. അവന്റെ അച്ഛന് കുതിരകളെ പരിശീലിപ്പിക്കുന്ന ജോലിയായിരുന്നു. അവനും അച്ഛനോടൊപ്പം പലനാടുകളിലെ കുതിരാലയങ്ങളിലും പോകാറുണ്ട്. അതുകൊണ്ടുതന്നെ റോബർട്ടിന് ക്ലാസ്സുകൾ പലതും നഷ്ടമായി. ഒരിക്കൽ അവൻ ക്ലാസ്സിൽ വന്നപ്പോൾ ടീച്ചർ എല്ലാ കുട്ടികളോടും പറഞ്ഞു: "ഭാവിയിൽ നിങ്ങൾക്ക് ആരായിത്തീരണം എന്നുള്ള കാര്യം ഒരു കടലാസ്സിൽ എഴുതിത്തരൂ!" താൻ ആരായിത്തീരണമെന്ന കാര്യത്തിൽ റോർട്ടിന് ഒരു സംശയവും ഇല്ലായിരുന്നു. ധാരാളം കുതിരകളുള്ള ഒരു വലിയ കുതിരാലയത്തിന്റെ ഉടമസ്ഥനാകണമെന്നായിരുന്നു അവൻ എഴുതിയത്. ഒപ്പം കുതിരാലയത്തിന്റെ വിശദവിവരങ്ങളും അതിന്റെ പ്ലാനും ചേർത്ത് രണ്ട് പേജ് എഴുതിക്കൊടുത്തു.

പിറ്റേന്ന് ടീച്ചർ ഓരോ കുട്ടിയും എഴുതിയ കടലാസ് തിരികെ നല്കി. പലർക്കും എ.ബി.സി. എന്നീ ഗ്രേഡുകളാണ് നൽകിയത്. എന്നാൽ റോബർട്ടിനാവട്ടെ ഏറ്റവും കുറഞ്ഞ എഫ് ഗ്രേഡാണ് നൽകിയത്. നിരാശനായ റോബർട്ട് ഇതിന്റെ കാരണം ടീച്ചറോട് തിരക്കി. അപ്പോൾ ടീച്ചർ പറഞ്ഞു: നിന്നേപ്പോലെ നാടുതെണ്ടിനടക്കുന്ന ഒരു കുട്ടി നടക്കാത്ത കുറെ സ്വപ്നങ്ങൾ എഴുതിവച്ചാൽ അതിന് മാർക്ക് തരാൻ കഴിയില്ല. നീ പറഞ്ഞ കാര്യങ്ങൾ ചെയ്യാൻ നിനക്ക് കാശുണ്ടോ? നിന്റെ അച്ഛന്റെ കൈയിൽ സ്വത്തുണ്ടോ? നിന്റെ ജീവിതത്തിൽ ഇതൊന്നും നടക്കാൻ പോകുന്നില്ല. നടക്കുന്ന കാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ എഴുതിത്തരൂ, ഗ്രേഡ് ഞാൻ കൂട്ടിത്തരാം."

റോബർട്ട് വീട്ടിലെത്തി കുറേ ചിന്തിച്ചു. പിറ്റേന്ന് അവൻ കഴിഞ്ഞ ദിവസം എഴുതിയ അതേ കാര്യങ്ങൾ തന്നെ എഴുതി ടീച്ചർക്ക് കൊടുത്തു. എന്നിട്ട് പറഞ്ഞു: "ടീച്ചർ, എനിക്ക് എഫ് ഗ്രേഡ് തന്നെമതി. ഗ്രേഡ് കൂട്ടിക്കിട്ടാൻ വേണ്ടി എന്റെ സ്വപ്നങ്ങളെ ബലികഴിക്കാൻ ഞാൻ തയ്യാറല്ല."

ആ കൊച്ചു റോബർട്ട് ഇന്ന് മോണ്ടി റോബർട്ട്സ് എന്നറിയപ്പെടുന്ന ലോകപ്രശസ്തനായ കുതിര പരിശീലകനാണ്. ഒപ്പം ഇരുന്നൂറ് ഏക്കർ സ്ഥലവും നാലായിരം സ്ക്വയർ ഫീറ്റ് വീടും വലിയ കുതിരാലയങ്ങളും അനേകം കുതിരകളുമായി അദ്ദേഹം കഴിയുന്നു.

കണ്ടില്ലേ, നമ്മൾ ആരാകണമെന്ന് തീരുമാനിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്താൽ നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകുമെന്ന് റോബർട്ടിന്റെ ഈ കഥ നമ്മളെ പഠിപ്പിക്കുന്നു.




## നീലയ്ക്കു പിന്നിൽ

**ഫെ**യ്സ്ബുക്കിന് നീലനിറം കൊടുക്കാൻ കാരണമെന്താണെന്നോ? അതിന്റെ സ്ഥാപകനായ മാർക്ക് സക്കർബർഗിന് വർണ്ണാന്ധതയുണ്ട്. അതായത് ചില നിറങ്ങൾ തിരിച്ചറിയാനാവില്ല. അദ്ദേഹത്തിന് ഏറ്റവും നന്നായി കാണാൻ കഴിയുന്ന നിറമാണ് നീല.


## ന്യൂട്ടന്റെ മണ്ടത്തരം




**ഐ**സക് ന്യൂട്ടന് രണ്ട് പൂച്ചകളുണ്ടായിരുന്നു. ഒന്ന് വലതും ഒന്നു ചെറുതും. ഒരിക്കൽ പൂച്ചകൾക്ക് ഒരു കൂടുണ്ടാക്കാൻ അദ്ദേഹം ഒരു ആശാരിയെ ഏർപ്പെടുത്തി. കൂടെ ഒരു നിർദ്ദേശവും. വലിയ പൂച്ചയ്ക്ക് കടക്കാൻ ഒരു വലിയ വാതിലും ചെറിയപൂച്ചയ്ക്ക് കടക്കാൻ ഒരു ചെറിയ വാതിലും വേണമത്രേ. വലിയ വാതിലിലൂടെ തന്നെ ചറിയ പൂച്ചയ്ക്കും കടക്കാമല്ലോ എന്ന് ആശാരി പറഞ്ഞപ്പോഴാണ് ന്യൂട്ടന് തന്റെ മണ്ടത്തരം ബോധ്യപ്പെട്ടത്.

## എഡിസന്റെ പേടി

**വൈ**ദ്യുത ബൾബുകളുടെ പിതാവായി അറിയപ്പെടുന്ന തോമസ് ആൽവാ എഡിസണ് ഇരുട്ടിനെ പേടിയായിരുന്നു. ആവശ്യം സൃഷ്ടിയുടെ മാതാവാണെന്നു പറയുന്നത് എത്ര ശരിയാണല്ലേ!



## പ്രോസസിംഗ് യൂണിറ്റ്



**ഉ**ച്ചാരണത്തിന്റെ കാര്യത്തിലെന്നപോലെ ഓരോന്നിന്റെയും പേര് ഉപയോഗിക്കുമ്പോഴും ശ്രദ്ധ വേണം. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് എല്ലാവരും തെറ്റിക്കാറുള്ള പേരാണ് സി.പി.യു. ഇതേതാണ് സാധനം എന്നു ചോദിച്ചാൽ കൂട്ടുകാരെല്ലാവരും ചൂണ്ടക്കാണിക്കുന്നത് പവർ ബട്ടണും സി.ഡി. ഡ്രൈവും എല്ലാം ഉള്ള ആ വലിയ പെട്ടിയായിരിക്കും അല്ലേ? എന്നാൽ അതിന്റെ പേര് 'സിസ്റ്റം യൂണിറ്റ്' എന്നാണ്. 'ടവർ' എന്നും വിളിക്കാറുണ്ട്. ഇനി ആരെങ്കിലും ആ പെട്ടിയെ മാത്രമായി 'കമ്പ്യൂട്ടർ' എന്ന് വിളിച്ചാലും തെറ്റ് പറയാനില്ല. അപ്പോൾ കീബോഡും മോണിറ്ററുമെല്ലാം കൂടിച്ചേരുന്ന സംവിധാനത്തെ 'കമ്പ്യൂട്ടർ സിസ്റ്റം' എന്ന് വിളിക്കേണ്ടി വരുമെന്ന് മാത്രം.


എങ്കിൽ പിന്നെ എന്താണ് സി.പി.യു? സിസ്റ്റം യൂണിറ്റിനകത്ത്, മദർബോഡിൽ പിടിപ്പിച്ചിട്ടുള്ള 'മൈക്രോപ്രൊസസർ' എന്ന ചെറിയൊരു ചിപ്പാണ് 'സെൻട്രൽ പ്രൊസസിംഗ് യൂണിറ്റ്' അഥവാ സി.പി.യു. കമ്പ്യൂട്ടറിന്റെ തലച്ചോർ എന്ന് അറിയപ്പെടാറുള്ള പ്രൊസസർ തന്നെ സാധനം.

## പച്ചക്കറികളുടെ രാജാവ്

**സാ**ക്ഷാൽ വഴുതനങ്ങയാണ് King of vegetables അഥവാ പച്ചക്കറികളുടെ രാജാവ് എന്നറിയപ്പെടുന്ന കേമൻ. Brinjal, Egg plant എന്നീ പേരുകളിലും ഇവൻ അറിയപ്പെടുന്നു.



## ഇന്റർനെറ്റിൽ തിരയുമ്പോൾ





**ഇ**ന്റർനെറ്റിൽ തിരയുമ്പോൾ പലപ്പോഴും ഗൂഗ്ളും യാഹുവുമെല്ലാം മാറി മാറി ഉപയോഗിക്കേണ്ടിവരും. ഏതാണ് ആവശ്യമുള്ള ഉത്തരം തരിക എന്നറിയില്ലല്ലോ. ഇത് കുറച്ച് ബുദ്ധിമുട്ടായി തോന്നുന്നുണ്ടോ? എങ്കിൽ search.com ഉപയോഗിച്ചോളൂ.

നാം കൊടുക്കുന്ന കീവേഡ് (തെരയുന്ന വാക്ക്/വാചകം) ഗൂഗ്ൾ, യാഹൂ പോലുള്ള പ്രധാനപ്പെട്ട സേർച്ച് എൻജിനുകളിൽ തെരഞ്ഞ്, അവ തരുന്ന റിസൾട്ട് ഒന്നിച്ച് കാണിക്കുകയാണ് search.com ചെയ്യുന്നത്. ഇത്തരത്തിലുള്ള മറ്റൊരു വെബ്സൈറ്റാണ് dogpile.com.

## ഗീബൽസിന്റെ നുണവിദ്യ!

**ഗീ**ബൽസിയൻ തന്ത്രം എന്നു കേട്ടിട്ടുണ്ടോ? ഒരു നുണ പലതവണ പറഞ്ഞ് സത്യമാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന സൂത്രമാണത്. ജർമൻ ഭരണാധികാരിയായിരുന്ന അഡോൾഫ് ഹിറ്റ്ലറുടെ അനുയായി ആയിരുന്നു പോൾ ജോസഫ് ഗീബൽസ്. ഗീബൽസ് പല നുണകളും സമർത്ഥമായി അവതരിപ്പിച്ച് ആളുകളെക്കൊണ്ട് വിശ്വസിപ്പിച്ചു.





# പണിതീരാത്ത വീട്

**ഒ**രു വീടുപണിയാൻ എത്ര നാളെടുക്കും? അത് വീടുണ്ടാക്കുന്ന ആളിന്റെ കീശയുടെ അവസ്ഥ പോലിരിക്കും അല്ലേ? എങ്കിൽ 38 വർഷം തുടർച്ചയായി പണിതുകൊണ്ടിരിക്കുന്ന ഒരു വീടിന്റെ കഥ കേട്ടാലോ? 24 മണിക്കൂറും വീടുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു ധനികയുടെ ജീവിത കഥയാണിത്!

സാറ വിഞ്ചസ്റ്റർ എന്ന ധനികയാണ് അമേരിക്കയിലെ സാൻജോസിൽ അത്തരമൊരു വീട് പണിതത്. വിഞ്ചസ്റ്റർ എന്ന തോക്കുനിർമ്മാണശാലയുടെ ഉടമസ്ഥനായിരുന്നു സാറയുടെ ഭർത്താവായ വില്യം വിഞ്ചസ്റ്റർ.

വില്യത്തിനും സാറയ്ക്കും 1866-ൽ ഒകു മകൾ ജനിച്ചു. ജനിച്ച് ഏതാനും ദിവസം കഴിഞ്ഞതും ഏതോ വലിയ രോഗം ബാധിച്ച് കുഞ്ഞ് മരിച്ചു. ദുഃഖം സഹിക്കാനാവാതെ സാറ വിഷാദരോഗിയായി.





1881-ൽ ഭർത്താവും കൂടി മരണപ്പെട്ടതോടെ സാറയുടെ മാനസികനില തീരെ മോശമായി. അപ്പോഴേക്കും അവർ വിഞ്ചസ്റ്റർ കുടുംബത്തിന്റെ കോടിക്കണക്കിന് വരുന്ന സ്വത്തുക്കളുടെ ഉടമയായിക്കഴിഞ്ഞിരുന്നു.

തന്റെ കുടുംബത്തിനുമേൽ തീരാശാപം പതിഞ്ഞിട്ടുണ്ട് എന്നായിരുന്നു സാറയുടെ വിശ്വാസം. വിഞ്ചസ്റ്റർ കമ്പനി നിർമിച്ച തോക്കുകൾ കൊന്നൊടുക്കിയവരുടെ ശാപമാണ് അത് എന്നവർ ഉറച്ചു വിശ്വസിച്ചു. ഈ ശാപത്തിൽനിന്നും രക്ഷപ്പെടാനായി സാറയ്ക്ക് ഏതോ മന്ത്രവാദി ഒരു വഴി പറഞ്ഞുകൊടുത്തു - ഒരിക്കലും പണി തീരാത്ത ഒരു വീട് പണിയുക! പണിയായുധങ്ങളുടെ ശബ്ദം വീട്ടിൽ എന്നു നിലയ്ക്കുന്നുവോ അന്ന് സാറ മരണപ്പെടും എന്നും അങ്ങേർ സാറയെ വിശ്വസിപ്പിച്ചു.

സാൻജോസിൽ 160 ഏക്കർ സ്ഥലം വാങ്ങിയ സാറ വീടു പണിതു തുടങ്ങി. തുടർച്ചയായി 36 വർഷം രാവും പകലും ആ വീട്ടിൽ മേസ്തിരിമാരും ആശാരിമാരുമൊക്കെ പണിയിൽ മുഴുകി. അങ്ങനെ 160 മുറികളും 10000 ജാലകങ്ങളും 2000 വാതിലുകളും ഒക്കെയുള്ള ഒരു മണിമാളിക സാറ അവിടെ പണിതു.



കൃത്യമായ പ്ലാനുകളൊന്നും ഇല്ലാതെയായിരുന്നു അവരുടെ വീട് നിർമ്മാണം. അങ്ങനെ തോന്നിയ കണക്കിന് നിർമിച്ച് നിർമിച്ച് വീടിന് ഒരു കൃത്യമായ രൂപം ഇല്ലാതെയായി. തുറക്കാനാവാത്ത ജാലകങ്ങളും അന്തരീക്ഷത്തിലേക്കു തുറക്കുന്ന വാതിലുകളും വെറുതേ മച്ചിൽ ചെന്ന് മുട്ടി നിൽക്കുന്ന കോണിപ്പടികളും കൊണ്ട് വീട് നിറഞ്ഞു.



തന്നെ ശപിക്കാനെത്തുന്ന ആത്മാക്കളെ വഴിതെറ്റിക്കാനാണത്രേ സാറ ഇങ്ങനെയൊരു വീട് പണിതത്. 1922-ൽ തന്റെ 83-ാം വയസ്സിൽ അവർ അന്തരിക്കും വരെ വീട് വലുതായിക്കൊണ്ടേയിരുന്നു.

വിഞ്ചസ്റ്റർ മിസ്റ്ററി ഹൗസ് ഇന്ന് ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.

### കുന്നുകൂടിയ പണം!

വില്യം വിഞ്ചസ്റ്ററുടെ മരണത്തോടെ ദിവസവും 1000 ഡോളറായിരുന്നു സാറയ്ക്ക് വരുമാനമായി ലഭിച്ചിരുന്നത്. ഇന്നത്തെ 12 ലക്ഷം രൂപയോളം വരുമിത്!

### ഇഷ്ടനമ്പർ 13!

പൊതുവേ ചീത്ത നമ്പർ ആയി കണക്കാക്കുന്ന 13 ആയിരുന്നു സാറയുടെ പ്രിയപ്പെട്ട നമ്പർ! അവർ തന്റെ വീട്ടിൽ 13 പാളികളുള്ള ജനലുകളും 13 പടികളുള്ള ഗോവണികളും 13 ദ്വാരമുള്ള കിച്ചൻ സിങ്കുകളുമെല്ലാം നിർമിച്ചുവച്ചു. അവരുടെ വിൽപത്രത്തിന് 13 ഭാഗങ്ങളുണ്ടായിരുന്നു. അതിലവർ 13 തവണ ഒപ്പുമിട്ടു!

# മണ്ടൻ നുണകൾ!

## കഴുതകൾ വിഡ്ഢികളാണോ?



**ഇ**തിലെന്താണിത്ര സംശയം എന്നാണോ? സംശയമേ വേണ്ട, കഴുതകൾ മണ്ടന്മാരല്ല, നല്ല ബുദ്ധിയുള്ള മിടുമിടുക്കരാണ് അവ! സത്യത്തിലാരും ഇവരെ തിരിച്ചറിഞ്ഞില്ല എന്നതാണ് വാസ്തവം. വഴി കണ്ടു പിടിക്കാനും ജോലികൾ ചെയ്യാനുമൊക്കെ കുതിരകളെക്കാൾ മിടുക്കുണ്ട് കഴുതകൾക്ക്!

പിന്നെങ്ങനെയാണ് കഴുതകൾക്ക് മണ്ടൻ എന്ന വിളിപ്പേരുകിട്ടിയതെന്നല്ലേ? മനുഷ്യർ കഴുതകളെ ഇണക്കി വളർത്തുന്നതിനു മുൻപുതന്നെ കുതിരകളെ ഇണക്കി വളർത്തിയിരുന്നത്രേ! മനുഷ്യരോട് വളരെ വേഗം ഇണങ്ങിയ കുതിരകൾ മനുഷ്യരോടൊപ്പം ഏത് അപകടത്തിലേക്കും കുതിച്ചു പായാൻ തയാറായി. എന്നാൽ കഴുതകൾ അപകടം ഉണ്ടാകാനിടയുള്ള സന്ദർഭങ്ങളിൽ പണിമുടക്കും. യജമാനൻ എത്ര നിർബന്ധിച്ചാലും ഒരടി മുന്നോട്ടു വയ്ക്കില്ല. ഈ സ്വഭാവം കൊണ്ടായിരിക്കണം കഴുതകൾ മണ്ടന്മാരാണെന്ന അബദ്ധം പ്രചരിക്കാനിടയായത്. അറിഞ്ഞുകൊണ്ട് അപകടത്തിൽ ചെന്നുചാടാതിരിക്കുന്നതിനെ മണ്ടത്തരം എന്നു വിളിക്കുന്നവരല്ലേ യഥാർത്ഥ മണ്ടന്മാർ!

## ഒട്ടകപ്പക്ഷികൾ തല മണ്ണിൽ പൂഴ്ത്തുമോ?



**ദേ,** വരുന്നു അടുത്ത മണ്ടത്തരം! മരുഭൂമിയിലെ മണലിൽ തല പൂഴ്ത്താൻ മാത്രം മണ്ടത്തരം ഒട്ടകപ്പക്ഷിക്കെന്നല്ല, ഒരു ജീവിക്കും ഉണ്ടാവില്ല! ബോധമുള്ള ഒരു ശാസ്ത്രജ്ഞനും ഇതുവരെ പറഞ്ഞിട്ടുമില്ല, ഒട്ടകപ്പക്ഷിക്ക് ഈ വികൃതിയുണ്ടെന്ന്.

പിന്നെയെങ്ങനെയായിരിക്കും ഈ മണ്ടത്തരം പ്രചരിച്ചത്? ഒട്ടകപ്പക്ഷികൾ മണ്ണിലാണ് മുട്ടയിടുന്നതെന്ന് അറിയാമല്ലോ? മുട്ടകളുടെ അരികിലെങ്ങാനും ശത്രുക്കളാരെങ്കിലും വന്നാൽ ഒട്ടകപ്പക്ഷികൾ ഓടി മുട്ടകളുടെ അടുത്തെത്തും. രണ്ടുകാലുകളും തലയും ചേർത്തുവച്ചാണ് അവ മുട്ടകൾ മറച്ചുപിടിക്കുന്നത്. അങ്ങനെ തല മണ്ണിൽ മുട്ടിച്ചു പിടിക്കുന്നതു കണ്ടിട്ടായിരിക്കണം തല പൂഴ്ത്തൽ സിദ്ധാന്തം രൂപപ്പെട്ടത്.

# കാക്ക സൂത്രക്കാരനാണോ?



**കാ**ക്കകളെ മഹാസൂത്രക്കാരായാണ് കഥകളിലും മറ്റും പറയുന്നത്. യഥാർത്ഥത്തിൽ ഈ കറുമ്പന്മാർ സൂത്രക്കാരാണോ? ഇക്കാര്യത്തിൽ ഗീബൽസിന് റോളൊന്നുമില്ല കേട്ടോ. കാക്കകൾ മഹാ സൂത്രക്കാർ തന്നെ. മനുഷ്യരുടെ കൈയിലിരിക്കുന്ന ഭക്ഷണ സാധനങ്ങളും മറ്റും റാഞ്ചിയെടുക്കുന്ന കാക്കകളുടെ മിടുക്ക് നമ്മൾ നേരിട്ട് കാണാറുള്ളതല്ലേ! അധികം കിട്ടുന്ന ഭക്ഷണസാധനങ്ങൾ ഒളിപ്പിച്ചുവയ്ക്കാനും പിന്നീട് അത് കൃത്യമായി കണ്ടെത്താനും കാക്കൾക്ക് അറിയാം. എണ്ണം അറിയാനുള്ള കഴിവും കാക്കകൾക്കുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു.

ഇത്രയും ബുദ്ധിയുണ്ടെങ്കിൽ കുയിൽ സ്വന്തം കൂട്ടിൽ മുട്ടയിടുന്നത് കണ്ടുപിടിക്കില്ലായിരുന്നോ എന്ന് സംശയം തോന്നാം. പക്ഷേ, ഇത് കാക്കയ്ക്കു പറ്റുന്ന മണ്ടത്തരമാണോ എന്ന് തീർത്തു പറയാൻ കഴിയില്ല. കാരണം വളർന്നു വലുതായ കുയിൽക്കുഞ്ഞിനെപ്പോലും കാക്കകൾ സ്നേഹത്തോടെ തീറ്റിപ്പോറ്റാറുണ്ട്. അപ്പോൾ സ്വന്തം കൂട്ടിൽ കുയിൽ മുട്ടയിടുന്ന കാര്യം കാക്ക അറിയാത്തതാണോ, അതോ അറിഞ്ഞുകൊണ്ട് ഒരു സഹായം ചെയ്യുന്നതാണോ എന്ന് ആർക്കറിയാം!

# രൂപമില്ലാത്ത രൂപ!


**നാ**ണയങ്ങൾ നമ്മൾ പേഴ്സിലും ബാഗിലുമൊക്കെ ഇട്ടാണല്ലോ കൊണ്ടുനടക്കാറുള്ളത്. എന്നാൽ പേഴ്സിലൊന്നും ഇടാൻ പറ്റാത്ത നാണയമാണ് ബിറ്റ്കോയിൻ.

'ങേ, അങ്ങനെയൊരു നാണയമോ!', എന്നാവും അത്ഭുതം. ഇന്റർനെറ്റിലൂടെ വിനിമയം ചെയ്യാനുള്ള നാണയമാണിത്. ശരിക്കും ഒരു ഡിജിറ്റൽ കറൻസി! രൂപയും ഡോളറും പോലെ തന്നെ ബിറ്റ് കോയിനുകൾക്കും മൂല്യമുണ്ട്! പക്ഷേ, രൂപം ഇല്ലെന്നു മാത്രം.

കമ്പ്യൂട്ടറോ സ്മാർട്ട്ഫോണോ കൈയിൽ ഉണ്ടെങ്കിൽ നമുക്ക് ബിറ്റ്കോയിൻ ഇടപാടുകൾ നടത്താം. ഇതിനായി രൂപം നൽകിയിട്ടുള്ള ഒരു പ്രത്യേക ആപ്ലിക്കേഷനിലൂടെ ആർക്കും ഏതുസ്ഥലത്തുവച്ചും ഇന്റർനെറ്റിലൂടെ ഇതുപയോഗിച്ച് വിനിമയം നടത്താനാവും.

ക്രഡിറ്റ്കാർഡ് പോലെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ നിന്നും ബിറ്റ്കോയിനുകൾ സ്വന്തമാക്കാം. ഇന്റർനെറ്റിലൂടെ സാധനങ്ങൾ വാങ്ങുമ്പോഴും മറ്റ് ഇടപാടുകൾ നടത്തുമ്പോഴും ഉപയോഗിക്കുകയും ചെയ്യാം!

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# നാം ചെയ്യുന്ന ജോലി



**അ**മേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കന്റെ പിതാവായിരുന്നതോമസ് ലിങ്കൺ ഒരു ചെരുപ്പുകുത്തി ആയിരുന്നോ? അദ്ദേഹം നല്ല ഒരു കർഷകനും മരപ്പണിയിൽ പ്രഗത്ഭനുമായിരുന്നെന്നു ചരിത്രത്തിൽ നാം വായിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം ചെരുപ്പുകുത്തുന്ന ജോലിയും ചെയ്തിരുന്നോ എന്നു ചരിത്രം തറപ്പിച്ചു പറയുന്നില്ല.

തോമസ് ലിങ്കൺ ചെരുപ്പുകുത്തിയുടെ ജോലി ചെയ്തിരുന്നു എന്നു സൂചിപ്പിക്കുന്ന രീതിയിൽ ഏബ്രഹാം ലിങ്കണുമായി ബന്ധപ്പെടുത്തി ഒരു കഥയുണ്ട്. ആ കഥ ഇതാണ്.1861 മാർച്ച് നാലിനു ലിങ്കൺ പ്രസിഡന്റായി ചുമതലയേറ്റതിനുശേഷം ഉദ്ഘാടനപ്രസംഗത്തിനായി ഒരുങ്ങുന്ന അവസരം. അപ്പോൾ ധനികനായ ഒരു മനുഷ്യൻ ലിങ്കന്റെ സമീപം ചെന്നു ചുറ്റും നിൽക്കുന്നവർക്ക് കേൾക്കുവാൻ പറ്റുന്ന സ്വരത്തിൽ പറഞ്ഞു: "മിസ്റ്റർ ലിങ്കൺ, നിങ്ങളുടെ പിതാവ് എന്റെ വീട്ടിലുള്ളവർക്കു വേണ്ടി ഷൂസ് നിർമ്മിച്ചിരുന്ന കാര്യം മറന്നുപോകരുത്."

ഇതുകേട്ടു ചുറ്റും നിന്നിരുന്നവർ അമർത്തി ചിരിച്ചു. ലിങ്കൺ പരിഹാസിതനായതു കണ്ടപ്പോൾ അസൂയാലുക്കളായ ചിലർ ഉള്ളിൽ സന്തോഷിക്കുകയും ചെയ്തു.

എന്നാൽ ആ ധനികന്റെ പരിഹാസ വാക്കുകൾ കേട്ടിട്ട് ലിങ്കൺ അല്പം പോലും പതറിയില്ല. അദ്ദേഹം ആ ധനികന്റെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "ശരിയാണ്. എന്റെ പിതാവ് നിങ്ങളുടെ വീട്ടിലുള്ളവർക്കു വേണ്ടി ഷൂസ് നിർമിച്ചിരുന്നതായി എനിക്കറിയാം. നിങ്ങളുടെ വീട്ടിലുള്ളവർക്കു വേണ്ടി മാത്രമല്ല, വേറെ പലർക്കും വേണ്ടി എന്റെ പിതാവ് ഷൂസ് നിർമിച്ചിട്ടുണ്ട്. അദ്ദേഹം നിർമിച്ചിരുന്ന ഷൂസുകൾ അതിമനോഹരമായിരുന്നു. അവയെക്കുറിച്ച് ആരും ഒരിക്കലും പരാതി പറഞ്ഞു കേട്ടില്ല."

ലിങ്കന്റെ വാക്കുകൾ കേട്ട് ആ ധനികനും മറ്റുള്ളവരും അത്ഭുതസ്തബ്ധരായി നിൽക്കുമ്പോൾ അദ്ദേഹം തുടർന്നു: "ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ. എന്റെ പിതാവ് നിർമിച്ചു തന്ന ഷൂസുകളെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടോ? ഉണ്ടെങ്കിൽ പറയൂ. ഷൂസ് നിർമിക്കാൻ എനിക്കും നന്നായി അറിയാം. എന്റെ പിതാവ് നിർമിച്ചുതന്ന ഷൂസുകളെക്കുറിച്ചു പരാതിയുണ്ടെങ്കിൽ ഞാൻ തന്നെ പുതിയ ഒരു ജോഡി ഷൂസുകൾ നിർമിച്ചു തരാം." ലിങ്കന്റെ ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തെ പരിഹസിക്കുവാൻ തുനിഞ്ഞ ധനികന്റെ നാവു നിശ്ചലമായിപ്പോയി എന്നു പറയേണ്ടതില്ലല്ലോ.

നാം ചെയ്യുന്ന തൊഴിലാണോ നമ്മളെ കേമന്മാരും മാന്യന്മാരുമാക്കുന്നത്? നമ്മിൽ പലരും അങ്ങനെ ചിന്തിക്കുന്നുണ്ടെന്നതല്ലേ വാസ്തവം? തന്മൂലമല്ലേ നമ്മുടെ സമൂഹത്തിൽ ചില തൊഴിലുകൾക്കു പ്രാധാന്യവും അംഗീകാരവും മറ്റു ചില തൊഴിലുകൾക്ക് അവഗണനയും അവജ്ഞയും ലഭിക്കുന്നത്? ദീർഘകാലത്തെ പഠനവും പരിശീലനവും വേണ്ടിവരുന്ന ചില ജോലികളുണ്ട്. അതുകൊണ്ടുതന്നെ നാം അവയ്ക്കു മേന്മയും പ്രാധാന്യവും കല്പിക്കുന്നു. എന്നാൽ അത്ര വലിയ പഠനവും പരിശീലനവുമൊന്നും ആവശ്യമില്ലാത്ത ചില ജോലികളുണ്ട്. അവയൊക്കെ അപ്രധാനമായും നാം കരുതുന്നു.

എന്നാൽ, ഒരു ജോലിയുടെ യഥാർഥ മേന്മ അടങ്ങിയിരിക്കുന്നതു നാം ജോലി ആത്മാർത്ഥതയോടുകൂടി വിജയകരമായി ചെയ്യുന്നതിലല്ലേ? ലിങ്കനെ പരിഹസിച്ച ധനികന് അദ്ദേഹം കൊടുത്ത മറുപടി അതല്ലേ വ്യക്തമാക്കുന്നത്? തന്റെ പിതാവ് ചെരുപ്പുകുത്തിയുടെ ജോലി ചെയ്തതിനെക്കുറിച്ചു ലിങ്കന് അല്പം പോലും അപകർഷതാബോധം തോന്നിയില്ല. എന്നു മാത്രമല്ല, തന്റെ പിതാവ് ആ ജോലി ഏറ്റവും മനോഹരമായി ചെയ്തതിനെ ഓർത്ത് അഭിമാനിക്കുകയാണു ചെയ്തത്. നാം ചെയ്യുന്ന ജോലി മറ്റുള്ളവരുടെ ദൃഷ്ടിയിൽ അല്പം പോലും ഗ്ലാമറില്ലാത്ത ചെറിയ ജോലിയായി തോന്നിയേക്കാം. എന്നാൽ, അക്കാര്യമോർത്ത് നാം വിഷമിക്കേണ്ട. അതിനു പകരം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജോലി എത്രമനോഹരമായി ചെയ്യുവാൻ സാധിക്കുമെന്നാണ് നാം നോക്കേണ്ടത്.

നാ ചെയ്യുന്ന ജോലി എത്ര അപ്രധാനമാണെങ്കിലും തികഞ്ഞ ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും ചെയ്യുകയാണെങ്കിൽ അതുവഴിയായി ഉണ്ടാകുന്ന നേട്ടം എത്ര അധികമാണെന്നു നമുക്ക് ഊഹിക്കുവാൻ പോലും സാധിക്കുകയില്ല എന്നതാണു വാസ്തവം. പല ജോലികളും വളരെ നിസാരമായിട്ടു നമുക്കു തോന്നാം. എന്നാൽ, ആ ജോലികളുടെ അഭാവത്തിൽ നമുക്കും മറ്റുള്ളവർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കുമ്പോഴാണു ഓരോ ജോലിക്കും അതിന്റേതായ പ്രാധാന്യം ഉണ്ട് എന്നു നാം മനസ്സിലാക്കുക.

ചെയ്യുന്ന ജോലി ചെറുതാണെങ്കിൽ നമുക്കതിനെ വലുതാക്കുവാൻ സാധിക്കുമെന്നതാണു വാസ്തവം. കാരണം, നമ്മുടെ ജോലിയിലുള്ള സമർപ്പണവും കഠിനാധ്വാനവും വിശ്വസ്തതയും മാത്രം മതിയാകും നാം ചെയ്യുന്ന ഏതു ജോലിയും ഏറെ മേന്മയുള്ളതാക്കാൻ.

ജോലി എന്തായാലും അതു നാം എങ്ങനെ ചെയ്യുന്നു എന്നത് ഏറെ പ്രധാനപ്പെട്ടതാണെന്നു നമുക്ക് ഒരിക്കലും മറക്കാതിരിക്കാം. അങ്ങനെ ചെയ്താൽ നാം ചെയ്യുന്ന ഏതു ജോലിയും അതിവേഗം ഏറെ മേന്മയുള്ളതായി മാറിക്കൊള്ളും.

# പൂർണ്ണരൂപം കാണാത്ത കൃപാവരപ്രാപ്തർ

**ഒ**രാൾ ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ചു. അങ്ങനെ അയാൾ ക്രിസ്തുവിന്റെ ജീവിതവഴികളറിയാൻ ബൈബിൾ വായിച്ചുതുടങ്ങി. വായിച്ചുവായിച്ച് ഓശാന കഴിഞ്ഞപ്പോഴേക്കും ഉറങ്ങിപ്പോയി. പിന്നെ അല്പം കഴിഞ്ഞ് ഉണർന്നെഴുന്നേറ്റ് അയാൾ ക്രിസ്തുവിനെ അനുഗമിച്ചുതുടങ്ങി. പക്ഷേ, ഓശാനവരെയുള്ള ക്രിസ്തുവിനെയേ അയാൾ കണ്ടിരുന്നുള്ളു. ആ ക്രിസ്തുവിൽ ആൾക്കൂട്ടങ്ങൾ കാതോർത്ത് കേൾക്കുന്ന ഹൃദയഹാരിയായ വാക്കുകൾ ഉതിർക്കുന്ന മഹാപ്രവാചകനുണ്ട്. രോഗികളെ സുഖപ്പെടുത്തുന്ന അത്ഭുതപ്രവർത്തകനുണ്ട്. അഭിവാദ്യങ്ങളേറ്റുവാങ്ങി തെരുവീഥിയിലൂടെ നീങ്ങിപ്പോകുന്ന വലിയ നേതാവുണ്ട്. ഇങ്ങനെയൊരാളെ അനുഗമിക്കുകയെന്നത് ഏതൊരു മനുഷ്യന്റെയും പ്രലോഭനമാണ്. എന്നാൽ, ക്രിസ്തു യഥാർഥത്തിൽ അതായിരുന്നില്ല. ആരാധകർക്കിടയിലൂടെ നീങ്ങുവോളം അവൻ ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നു. മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏൽപ്പിക്കപ്പെടും. അവർ അവനെ കുരിശിൽ തറച്ചുകൊല്ലും. ഓശാനയും അത്ഭുതങ്ങളും പ്രവചനങ്ങളുമൊക്കെ ശിഷ്യൻ കടന്നുപോകേണ്ട വഴികളാണ്. ജീവിതത്തിന്റെ മാറ്റുരയ്ക്കാൻ പോകുന്നത് കാൽവരിയിലാണ്. പലപ്പോഴും അത്ഭുതങ്ങളിലും അടയാളങ്ങളിലും വേരൂന്നിയ കൃപാവരപ്രാപ്തരുടെ ബൈബിൾ വായനകൾ ഓശാനയിൽ നിലച്ചുപോയിരിക്കുന്നു. തുടർന്നുള്ള ഒരു പീഢാനുഭവ ചരിത്രം എങ്ങനെയോ മനസിൽനിന്ന് ഊർന്നുവീഴുന്നു. എങ്കിലും അവർ ക്രിസ്തുവിനെ അനുഗമിക്കുന്നു. പക്ഷേ, അത് ക്രിസ്തുവായിരുന്നില്ല. കാരണം അവർ ക്രിസ്തുവിന്റെ പൂർണരൂപം കണ്ടിട്ടില്ല.



വഴിയരികിലും പുഴയോരത്തുമൊക്കെവച്ച് ക്രിസ്തുവിനെ കണ്ട് പലരും അവനെ അനുഗമിച്ചു. യാത്രയുടെ പല വേളകളിൽ ഓരോരുത്തരായി മടങ്ങിപ്പോയി. ശേഷിച്ച പന്ത്രണ്ടു പേരും ഗത്ത്ശെമന തോട്ടത്തിൽവച്ച് അവനെ ഉപേക്ഷിച്ച് ഓടിപ്പോയി. പിന്നീട് അവർ മടങ്ങിയെത്തി. അപ്പോഴേക്കും അവർ ക്രിസ്തുവിനെ കണ്ടെത്തി. കാൽവരിയിലേക്കാണ് വിളിയെന്ന് അവരും തിരിച്ചറിഞ്ഞു.

ഓശാന കടന്നുപോകാനുള്ള വഴിയോരമാണ്. ചിലർ അവിടെ തങ്ങിനിൽക്കുകയാണ്. അവർ ഓശാന ശിഷ്യന്മാരാണ്. ഓശാന ഗീതികേട്ടും ഓശാന പാടിയും അവർ കാലങ്ങളായി അവിടെത്തന്നെ നിൽക്കുന്നു. ക്രിസ്തുശിഷ്യൻ വിനയാന്വിതനായി കാൽവരിയിലേക്ക് ചുവടുവയ്ക്കുന്നു. കാൽവരിയിലേക്ക് നമ്മുടെ മിഴി തുറക്കട്ടെ.

# വിശ്വാസ പ്രകടനം



**വി**ശ്വാസം ജീവിതമാക്കുന്നതിനുപകരം വിശ്വാസം പ്രകടനമാക്കി പലരും മാറ്റിയിരിക്കുന്നു എന്നതാണു വിശ്വാസത്തിന്റെ ഈഗോ.

കടലിനുമീതെ നടക്കുന്ന പത്രോസാണ് ഏറ്റവും ഉചിതമായ ധ്യാനവിഷയം. വഞ്ചി ആടിയുലഞ്ഞപ്പോൾ ശിഷ്യന്മാരെല്ലാം ആർത്തു വിലപിച്ചു. പെട്ടെന്നു കർത്താവ് കടലിനുമീതെ നടന്നെത്തി. കാറ്റു ശമിച്ചു. കടൽ ശാന്തമായി. ഉടൻ പത്രോസ് എഴുന്നേറ്റ് ഉച്ചത്തിൽ ചോദിച്ചു, 'കർത്താവേ... അങ്ങാണെങ്കിൽ കടലിനുമീതെ നടക്കാൻ എന്നോടു കൽപിച്ചാലും.' പിന്നെ നമ്മൾ കാണുന്നതു കടലിനുമീതെ നടക്കുന്ന പത്രോസിനെയാണ്. എന്നാൽ, അൽപം ദൂരം മാത്രം താണ്ടി താണുപോകുന്ന പത്രോസിനെ നോക്കി ക്രിസ്തു 'അല്പ വിശ്വാസീ' എന്നു വിളിക്കുന്നതോടെയാണു രംഗം അവസാനിക്കുന്നത്. കടലിനുമീതെ നടന്നയാൾ വിശ്വാസിയായല്ല അൽപവിശ്വാസിയായാണു കരുതപ്പെടുക. കാരണം അയാൾ വിശ്വാസം ഒരു പ്രകടനമാക്കിയിരിക്കുന്നു.

ക്രിസ്തു വിശ്വാസത്തിന്റെ ഒരുപാട് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അത് വെറും കൗതുകം നിമിത്തമുള്ള ഒരു യാത്രയായിരുന്നില്ല. അതിനുപിന്നിൽ കണ്ണീരുണ്ടായിരുന്നു. അഞ്ചപ്പം അവൻ അയ്യായിരത്തോളം പേർക്കു വർധിപ്പിച്ചു. അതു വെറും പ്രകടനമായിരുന്നില്ല. അവരെ മടക്കി അയച്ചാൽ അവർ വഴിയിൽ തളർന്നുവീഴുമെന്ന് അറിഞ്ഞ് അനുകമ്പ തോന്നിയെന്നാണ് എഴുതിയിരിക്കുന്നത്.

ഹൃദയം തുളുമ്പിവന്ന അനുകമ്പാർദ്രമായ സ്നേഹത്തിൽ നിന്നാണു വിശ്വാസത്തിന്റെ പ്രവൃത്തികൾ ജനിക്കുന്നത്. ലാസറിന്റെ കുഴിമാടത്തിങ്കൽ കണ്ണീർപൊഴിച്ചുകൊണ്ടു ലാസറിനെ ഉയിർപ്പിക്കുന്നതും നമുക്കറിയാം. കണ്ണീരില്ലാതെ ഒരത്ഭുതവും ക്രിസ്തു പ്രവർത്തിച്ചിട്ടില്ല. സ്നേഹം തെല്ലുമില്ലാതെ ഒരത്ഭുതം പ്രവർത്തിക്കാൻ ഒരവസരം ക്രിസ്തുവിനു ലഭിച്ചു. അതു ജറുസലേം ദേവാലയത്തിന്റെ ഗോപുരത്തിൽനിന്നു താഴേക്കു ചാടാനായിരുന്നു. പക്ഷേ, ക്രിസ്തു പിന്മാറി. അതൊരു പ്രകടനത്തിനുള്ള പ്രലോഭനമാണെന്ന് അവൻ തിരിച്ചറിഞ്ഞു. വിശ്വാസം സ്നേഹത്താൽ പ്രവർത്തനനിരതമാണ്. നമ്മൾ അതിനെ പലപ്പോഴും പ്രകടനങ്ങളോടു ചേർത്തുകെട്ടി ചെറുതാക്കിക്കളഞ്ഞു.

ഒരിക്കൽ വഞ്ചി ആടി ഉലയുമ്പോൾ ക്രിസ്തുവുമുണ്ടായിരുന്നു അതിനുള്ളിൽ. ഉലയുന്ന വഞ്ചിക്കുള്ളിൽ അമരത്തു തലയിണവച്ച് അവൻ ഉറങ്ങുന്നതാണു നമ്മൾ കണ്ടത്. വിശ്വാസം കടലിനുമീതേ നടക്കുന്നതല്ല; പ്രക്ഷുബ്ദമായ കടലിനുമധ്യേ ഉറങ്ങുന്നതാണ്. അതു സഭായോഗങ്ങളിലും പ്രാർത്ഥനാലയങ്ങളിലും മാത്രമൊതുങ്ങുന്നതല്ല. അതു നിങ്ങളുടെ അതിജീവനത്തിന്റെ ആത്മീയ രഹസ്യമാണ്.

കടലിനുമീതെ നടന്ന പത്രോസിനു പിന്നീടൊരിക്കൽ കരയിലൂടെ നടക്കുമ്പോൾ പോലും കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. ആ വഴിയിൽ 'നീയും അവന്റെ കൂടെ ഉണ്ടായിരുന്നില്ലേ?' എന്നു ചോദിച്ചുകൊണ്ട് ഒരു പെണ്ണ് നിൽക്കുന്നു. അവൻ ഇടറിപ്പോയി. ചിലനേരങ്ങളിലെ വിശ്വാസപ്രകടനം കൊണ്ടുമാത്രം ജീവിതത്തിനു മാർക്കിടരുത്. ഈ വഴിയിൽ നിങ്ങളെ കാത്ത് ഒരു ജീവിതമുണ്ട്. അവിടെയാണു വിശ്വാസത്തിന്റെ മാറ്റുരയ്ക്കപ്പെടുക.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ദുഃഖത്തിന്റെ ആധിക്യത്താൽ

**1920** കളിലും 1930കളിലും അമേരിക്കയിൽ ഏറെ അറിയപ്പെട്ടിരുന്ന മതപ്രസംഗകനായിരുന്നു ഹാരി എമേഴ്സൺ ഫോസ്ഡിക്ക് ബാപ്റ്റിസ്റ്റ് സഭാംഗമായിരുന്ന അദ്ദേഹം ആ സഭയിലെ പുരോഗമനചിന്താഗതിക്കാരുടെ വക്താവായിരുന്നു. അദ്ദേഹം ഒരിക്കൽ അമേരിക്കയുടെ കിഴക്കൻ തീരത്തുള്ള സംസ്ഥാനമായ മെയ്നിലുള്ള തന്റെ ഒരു സുഹൃത്തിനെ കാണാനെത്തി.

വലിയ ഒരു ആപ്പിൾ തോട്ടത്തിന്റെ ഉടമയായ ഒരു കർഷകനായിരുന്നു ആ സുഹൃത്ത്. സന്ദർശനത്തിനിടയിൽ ഫോസ്ഡിക്ക് സുഹൃത്തിനോടൊപ്പം ആപ്പിൾ തോട്ടം കാണുവാൻ ഇറങ്ങി. അപ്പോൾ ആപ്പിൾ പഴങ്ങളുടെ സീസണായിരുന്നു. അവിടെ ഉണ്ടായിരുന്ന എല്ലാ ആപ്പിൾ മരങ്ങളിലും ധാരാളം ആപ്പിൾ ഉണ്ടായിരുന്നു. എന്നാൽ ഒരു ആപ്പിൾ മരത്തിൽ മാത്രം മറ്റു മരങ്ങളിൽ കാണുന്നതിലും ഏറെ ആപ്പിൾ ഉണ്ടായിരുന്നു. ആപ്പിൾ പഴങ്ങളുടെ ഭാരംമൂലം ആ ആപ്പിൾ മരം ഒടിഞ്ഞു വീഴാവുന്ന സ്ഥിതിയിലായിരുന്നു കാണപ്പെട്ടത്.



ഇതു കാണുവാനിടയായ ഫോസ്ഡിക്ക് സുഹൃത്തിനോടു പറഞ്ഞു: 'ഇത് അത്ഭുതകരമായിരിക്കുന്നല്ലോ! എന്തുകൊണ്ടായിരിക്കും ഈ മരത്തിൽ ഇത്രയേറെ ആപ്പിളുകൾ ഉണ്ടായത്? 'ഉടനെ സുഹൃത്ത് മറുപടിയായി പറഞ്ഞു. 'അടുത്തു ചെന്ന് മരത്തിന്റെ അടിഭാഗത്ത് സൂക്ഷിച്ചുനോക്കൂ. അപ്പോൾ നിങ്ങൾക്ക് ഒരു കാര്യം കാണാനാവും.'

സുഹൃത്ത് പറഞ്ഞതുപോലെ ഫോസ്ഡിക്ക് ആപ്പിൾ മരത്തിന്റെ അടിഭാഗത്തു സൂക്ഷിച്ചുനോക്കി. അപ്പോൾ അവിടെ വെട്ടുകത്തികൊണ്ടുണ്ടായ വലിയ ഒരു മുറിവ് കാണപ്പെട്ടു. കാര്യം മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടു ഫോസ്ഡിക്ക് സുഹൃത്തിനോടു വിശദീകരണം ആവശ്യപ്പെട്ടു.

ഉടനെ സുഹൃത്ത് പറഞ്ഞു: 'ആപ്പിൾ മരങ്ങളെക്കുറിച്ചു മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യം ഇതാണ്. ചിലപ്പോൾ ചില ആപ്പിൾ മരങ്ങൾ നിറയെ തണ്ടും ഇലയുമായിരിക്കും. അവയിൽ ആപ്പിൾ പഴങ്ങൾ കാണില്ല. അപ്പോൾ നല്ല വെട്ടുകത്തി എടുത്ത് ആ മരങ്ങളെ മുറിവേൽപ്പിക്കും. അതു കഴിഞ്ഞാൽ പിന്നെ ആ മരങ്ങൾ പരസ്പരം മത്സരിച്ചിട്ടെന്നപോലെ ഫലങ്ങൾ തരുന്നതു കാണാറുണ്ട്.

ആപ്പിൾ മരങ്ങളുടെ ഈ പ്രത്യേകത എടുത്തുപറഞ്ഞുകൊണ്ടു ഫോസ്ഡിക്ക് ചോദിക്കുന്ന ഒരു ചോദ്യവുമുണ്ട്. അതിതാണ്: 'ആപ്പിളുകളുടെ കാര്യത്തിലെന്നതുപോലെ മനുഷ്യരുടെ കാര്യത്തിലും ഇതു ശരിയല്ലേ? ഏതെങ്കിലും രീതിയിൽ മുറിവേൽക്കുന്ന മനുഷ്യരല്ലേ കൂടുതൽ ഫലം പുറപ്പെടുവിക്കുന്നത്?

നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ദുഃഖ ദുരിതങ്ങൾ ധാരാളമുണ്ട്. പലപ്പോഴും അവയുടെ ആധിക്യത്താൽ നാം അന്ധാളിച്ചുപോകാറുണ്ട്. ചിലപ്പോഴെങ്കിലും അവമൂലം നമ്മുടെ ജീവിതംപോലും തകർന്നുപോകാറുണ്ട്. അതുകൊണ്ടു തന്നെ ദുഃഖത്തിന്റെ അർത്ഥം നമുക്കു മനസ്സിലാക്കാൻ സാധിക്കാതെ പോകുന്നു.

ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ മുകളിൽ കൊടുത്തിരിക്കുന്ന ആപ്പിൾ മരത്തിന്റെ കഥ നമ്മെ ചില കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നുണ്ട്. അതിലൊന്നു നാം രക്തം ചിന്തുമ്പോഴാണത്രേ നമ്മിൽ നിന്നു നല്ല ഫലങ്ങൾ പുറത്തുവരുന്നത്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ കാര്യത്തിൽ നാം കാണുന്നത് അതാണ്. അവിടുത്തെ പീഡാസഹനവും കുരിശുമരണവുമാണല്ലോ മാനവകുലത്തിന്റെ പാപങ്ങൾക്കു പരിഹാരമായി മാറി മനുഷ്യരുടെ രക്ഷ ഉറപ്പാക്കിയത്. അതായത് സഹനത്തിന്റെ രക്ഷാകരമൂല്യമാണു നാം ഇവിടെ കാണുന്നത്.

സഹനം വഴി ഓരോരോ രീതിയിൽ നമ്മുടെ ജീവിതത്തിൽ രക്ഷ അല്ലെങ്കിൽ നന്മ കൈവരുന്നതു നമുക്കു കാണാനാകും. ഇതു മനസ്സിലാക്കിയ കവിയും ആദ്ധ്യാത്മിക ചിന്തകനുമായ ഖലീൽ ജിബ്രാൻ എഴുതി: 'സഹനത്തിലൂടെയാണ് ഏറ്റവും കരുത്തരായ മനുഷ്യൻ രൂപംകൊണ്ടിട്ടുള്ളത്. ഏതു മഹാത്മാവിനെ എടുത്താലും ആ മഹാത്മാവിന്റെയൊക്കെ ജീവിതത്തിൽ വലിയ മുറിപ്പാടുകൾ കാണാനാവും.

ഇതേ ആശയം തന്നെ ആംഗലേയ സാഹിത്യകാരനായ ചാൾസ് ഡിക്കൻസ് അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'എല്ലാ പഠനങ്ങളിലും വലുത് സഹനം ആയിരുന്നു. സഹനം വഴിയായി ഞാൻ വളയ്ക്കപ്പെടുകയും ഒടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും അതുവഴിയായി എനിക്കു കുറേക്കൂടി നല്ല വ്യക്തിത്വം ലഭിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.'

സഹനത്തിന്റെ ഈ രക്ഷാകര സ്വഭാവം മനസ്സിലാക്കിയതുകൊണ്ടാണ് നമ്മുടെ മുറിവുകൾ വഴിയായി പ്രകാശം ഉള്ളിലേക്കു കടക്കുന്നു എന്ന് റൂമി എഴുതിയിരിക്കുന്നത്.

മനുഷ്യരായ നമ്മൾ എപ്പോഴും നമ്മുടെ കഴിവിലും ശക്തിയിലും ആശ്രയിക്കുവാൻ ശ്രദ്ധിക്കുന്നവരാണ്. എന്നാൽ, നമ്മുടെ ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോഴാണു നാം പലപ്പോഴും ദൈവത്തിങ്കലേക്കു തിരിയുകയും അവിടുത്തെ ശക്തിയിൽ ആശ്രയിക്കുകയും ചെയ്യുന്നത്. അതായത്, നമ്മുടെ ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോഴാണു നമ്മിൽ ദൈവവിചാരം ആഴപ്പെടുന്നതെന്നു സാരം. അപ്പോഴാണു സ്വർണം അഗ്നിയിലെന്നപോലെ സഹനങ്ങളാൽ നാം ശുദ്ധീകരിക്കപ്പെടുന്നതായി മനസ്സിലാക്കുക.

ഒരുപക്ഷെ, സഹനത്തിലൂടെയായിരിക്കാം നാം ദൈവത്തെ ശരിക്കും അനുസരിക്കുവാൻ പഠിക്കുന്നത്. ദൈവപുത്രനായ യേശു 'തന്റെ സഹനത്തിലൂടെ അനുസരണം അഭ്യസിച്ചു എന്നല്ലേ ദൈവവചനം പഠിപ്പിക്കുന്നത്? നമ്മുടെ ദുഃഖങ്ങൾ എത്ര തീവ്രമാണെങ്കിലും അവയുടെ രക്ഷാകരമൂല്യം കാണുവാൻ നാം ഒരിക്കലും മറന്നുപോകരുത്.

# തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ



**തൊ**ടുപുഴ തട്ടക്കുഴ അകനാൽ തോമസിന്റെ മകൻ സജി 42 വയസ്. ജന്മനാ ബധിരനും മൂകനും. ഏഴാം ക്ലാസ് വരെ മാത്രം പഠനം. സാങ്കേതിക വിദ്യാഭ്യാസമില്ല. യന്ത്രങ്ങളുടെ സാങ്കേതിക പ്രവർത്തനം മനസിലാക്കുന്ന യാതൊരു കോഴ്സുകളിലും ക്ലാസുകളിലും പങ്കെടുത്തിട്ടില്ല.

ജോലി കിട്ടാൻ വേണ്ടി ഒന്നും പഠിച്ചിട്ടില്ല. അതിനുള്ള സർട്ടിഫിക്കറ്റൊന്നുമില്ല. വെറും അമ്പതു സെന്റ് സ്ഥലം. ഉടുമ്പന്നൂർ പഞ്ചായത്തിന്റെ കാരുണ്യത്തിൽ നിർമിച്ച വീട്. നാല്പതു റബർമരങ്ങളുണ്ട്. അതു ഭാര്യ മരിയ ടാപ്പിംഗ് നടത്തുന്നു. അതാണൊരു വരുമാനം. ഏക മകൻ ജോഷ്വാ ഏഴാം ക്ലാസിൽ തട്ടക്കുഴ ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്നു.

ഇത്തരമൊരാൾ വിമാനം നിർമിക്കണമെന്നു പറയുമ്പോൾ കേൾക്കുന്നവർക്കു പരിഹസിക്കരുതെന്നു വിചാരിച്ചാൽപ്പോലും ചുണ്ടിൽ ചിരിവരില്ലേ.

എല്ലാവരും ചിരിച്ചപ്പോഴും പിറുപിറുത്തപ്പോഴും സജി കൂസലില്ലാതെ വീടിനോടു ചേർന്നു പ്ലാസ്റ്റിക് ഷീറ്റുകൊണ്ടു വിമാനം പണിയുന്നതിനുള്ള വർക്ഷോപ്പ് പണിതിരുന്നു. മരിയയും ജോഷ്വായും സജിയുടെ ഒപ്പം നിന്നു.

എന്നാൽ സജിയെ അറിയുമ്പോൾ ഇതൊരു കുറവല്ല. കേൾക്കാത്തതും പറയാത്തതും ഒരു കുറവാണെന്നു സജിക്കു തോന്നിയിട്ടില്ല. സജി പറക്കുന്നതുപോലെ ആർക്കെങ്കിലും പറക്കാൻ സാധിക്കുമോ? അതും സ്വന്തമായി നിർമിച്ച വിമാനത്തിൽ. സജി തോമസ് നിർമിച്ച വിമാനം പറന്ന് അത്ഭുതം സൃഷ്ടിച്ചിരിക്കുന്നു.

ഏഴുവർഷം കൊണ്ടാണു സജി വിമാനം ഉണ്ടാക്കിയത്. സാമ്പത്തിക പരാധീനതകൾ മൂലമാണു പണി നീണ്ടുപോയത്. സ്വന്തമായുണ്ടായിരുന്ന ജീപ്പ് വിറ്റും ഇലക്ട്രീഷൻ ജോലി ചെയ്തും റബർ കൃഷിയിലെ വരുമാനം ഉപയോഗിച്ചും സജി വിമാനമുണ്ടാക്കാനുള്ള യന്ത്രഭാഗങ്ങൾ വാങ്ങി. രാജ്യത്തെ പ്രമുഖ വിമാന കമ്പനികളിൽ നേരിട്ടു ചെന്നു സാങ്കേതിക വിദ്യ പരിചയപ്പെട്ടു. ബാംഗ്ലൂരിൽനിന്നും വിമാനത്തിന്റെ പാർട്സുകൾ വാങ്ങി. ഇന്റർനെറ്റിന്റെയും പുസ്തകങ്ങളുടെയും സഹായത്തോടെ സംശയങ്ങൾ ദൂരീകരിച്ചു. വെറും ഏഴാം ക്ലാസ് വിദ്യാഭ്യാസം മാത്രമേയുള്ളുവെന്ന് പറഞ്ഞു സജിയെ എഴുതിത്തള്ളാൻ വരട്ടെ.

സ്വന്തം പേരിൽ സ്വന്തമായി വിമാനം നിർമിച്ചു പറപ്പിച്ച ആദ്യത്തെ ഇന്ത്യക്കാരൻ എന്ന വിശേഷണം സജിക്കു സ്വന്തം. ജന്മനാ ബധിരനും മൂകനുമായ ഒരാൾ സ്വന്തമായി വിമാനം നിർമിക്കുന്നത് ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായിരിക്കാം. സജി നിർമിച്ച വിമാനം കഴിഞ്ഞമാസമായിരുന്നു പരീക്ഷണപറക്കൽ നടത്തിയത്. എയർഫോഴ്സിലെ റിട്ടയേഡ് വിംഗ് കമാൻഡർ എസ്.കെ.ജെ. നായർ തമിഴ്നാട്ടിലെ തിരുനൽവേലിക്കടുത്തുള്ള അംബാസമുദ്രത്തിൽ സജിയേയുമിരുത്തി വിമാനം പറപ്പിച്ചു. വിമാനത്തിന് ഓടി വേഗമാർജിച്ചു പറന്നുയരാൻ ഒന്നര കിലോമീറ്റർ ദൈർഘ്യമുള്ള ട്രാക്ക് വേണ്ടിയിരുന്നു. ഇതിനാണ് അംബാസമുദ്രം തെരഞ്ഞെടുത്തത്.

എന്നാൽ ആകാശത്തു കൂടെ വട്ടമിട്ടു പറക്കണമെങ്കിൽ സജിക്ക് ഇനിയും കടമ്പകൾ കടക്കണം. രജിസ്റ്റർ ചെയ്താൽ മാത്രമേ അംഗീകാരം ലഭിക്കൂ. നാല്പതിനായിരം രൂപ മുടക്കുവരും. സിവിൽ വ്യോമയാനമന്ത്രാലയത്തിന്റെ രജിസ്ട്രേഷൻ കിട്ടിയാൽ സജിയുടെ വിമാനത്തിനു പറന്നുനടക്കാമെന്ന് എസ്.കെ.ജെ. നായർ സാക്ഷ്യപ്പെടുത്തുന്നു. ഇലക്ട്രിക്കൽ ജോലികളിലൂടെ സജി സമ്പാദിക്കുകയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള പണം. സ്വപ്നം യാഥാർത്ഥ്യമാക്കാൻ എത്രയേറെ കഷ്ടപ്പെടാനും സജി തയാറാണ്. അതിനു സജിക്കു പിന്തുണയുമായി ഭാര്യ മരിയയും മകൻ ജോഷ്വായും ഉണ്ട്.

തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ, അതിനായി കഠിനമായി പ്രയത്നിക്കുന്നുവെങ്കിൽ, ഒരിക്കലും പ്രതീക്ഷ കൈവിടാതിരിക്കുന്നുവെങ്കിൽ അതു സാധ്യമാകുമെന്ന് സജിയുടെ ജീവിതം തെളിയിക്കുന്നു.



# വേദാഭിമാനിയുടെ മറുപടി

***പുതുതായി ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന എനിക്ക് വേദപുസ്തക വായനയിൽ മനസിലാക്കാൻ കഴിയാതെ പോയ ഒന്നാണ് മൃഗത്തിന്റെ സംഖ്യയായ 666 എന്നുള്ളത് (വെളി.13:18). വെളിപ്പാട് പുസ്തകത്തെക്കുറിച്ചുള്ള പഠനങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്തിട്ടും വ്യക്തമായ ഒരു ധാരണയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഇതെക്കുറിച്ച് മനസിലാകും വിധം കാര്യങ്ങൾ വ്യക്തമാക്കുമല്ലോ.***

***സി.ആർ. രാജേഷ്, കോളഭാഗം, തടിയൂർ, തിരുവല്ല***

ഇത് അന്ത്യകാലമാണെന്ന് സംഭവങ്ങൾ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. തിരുവചനത്തിലും അന്ത്യകാല സംഭവങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. അനേകർ ഭൂമികുലുക്കത്താലും, ക്ഷാമത്താലും, രോഗത്താലും, യുദ്ധങ്ങളാലും മരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇതെല്ലാം ആരംഭം മാത്രമാണ്. ദൈവം തീ കൊണ്ട് ഭൂമിയെ ന്യായം വിധിക്കുന്ന നാൾ വരുന്നു. ഭൂമിയും അതിലെ സകല നിവാസികളും ഉരുകി പോകുമ്പോൾ (സങ്കീ. 75:3). യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (യോവേൽ 2:32).

ഓരോ വർഷം ചെല്ലുന്തോറും കമ്പ്യൂട്ടറിന്റെ പ്രവർത്തനം വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. യേശുവിനെ കൂടാതെ ജനങ്ങൾ അറിവു വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസങ്ങൾക്കും മാത്രമല്ല എന്തിനും ഏതിനും കമ്പ്യൂട്ടറിനെ അഭയം ചാരുകയാണ്. പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു (ഹോശയാ 4:6). മനുഷ്യർ ദൈവസ്നേഹം തള്ളിക്കളഞ്ഞിട്ട് പാപം ചെയ്തു തന്നെത്താൻ നശിക്കുകയാണ്.







ലോക ബാങ്കുകൾ ഇംഗ്ലീഷിലെ ഓരോ അക്ഷരങ്ങൾക്കും ഓരോ നമ്പർ കൊടുത്തിട്ടുണ്ട് അതായാത് A=6, B=12, C=18, D=24 ഈ ക്രമത്തിൽ വരുമ്പോൾ കമ്പ്യൂട്ടർ എന്ന വാക്കിന്റെ ഓരോ അക്ഷരങ്ങൾക്കും ഉള്ള നമ്പർ c=18, o=90, m=78, p=96, u=126, t=120, e=30, r=108 ഒന്നിച്ച് കൂട്ടുമ്പോൾ 666 കിട്ടുന്നു.

അപ്പോൾ കമ്പ്യൂട്ടറിന്റെ നമ്പർ 666 എന്നുവരുന്നു. ഇത് സാത്താന്റെ മുദ്രയാണ്. സാത്താൻ, മൃഗം, എതിർക്രിസ്തു എല്ലാം ഒന്നുതന്നെ. മൃഗത്തിന്റെ സംഖ്യ 666 (വെളി. 13:18).

ഇപ്പോൾ എല്ലാ സാധനങ്ങളുടെയും കവറിൽ ബാർകോഡ് ഉണ്ട്. ഇതെല്ലാം ഓരോ നമ്പറുകളാണ്. ഈ ബാർകോഡ് കമ്പ്യൂട്ടറിൽ സ്കാൻ ചെയ്യുമ്പോൾ സാധനങ്ങളുടെ വില മനസ്സിലാക്കാൻ കഴിയുന്നു. ഇതുപോലെ നേഷൻകോഡ്, മേക്കർകോഡ്, ഗുഡ്സ് കോഡ് എന്നിങ്ങനെ പലതരത്തിലുള്ള ബാർകോഡുകൾ ഉണ്ട്. സാത്താന്റെ ബാർകോഡിന്റെ നമ്പർ 666 ആണ്. ഇത് ഒരു നെൽമണിയോളം വലിപ്പമുള്ള ഇലക്ട്രോണിക് ചിപ്പുകളാണ്. ഇതു പലതരത്തിൽ പ്രവർത്തിക്കുന്നു.

ഈ ഇലക്ട്രോണിക് ചിപ്പ് നെറ്റിയിലോ കൈ മേലോ കുത്തിവയ്ക്കാവുന്നതാണ്. ഇത് ഒരു മൃഗത്തിന്റെ മേൽ കുത്തിവെച്ച് കമ്പ്യൂട്ടറിന്റെ നിയന്ത്രണത്തിലാക്കിയാൽ ഈ മൃഗം എവിടെ മോഷണം പോയാലും കണ്ടുപിടിക്കുവാൻ നിഷ്പ്രയാസം സാധിക്കും. ഇത് ഒരു നവജാതശിശുവിന്റെ മേൽ പതിപ്പിച്ചാൽ കുഞ്ഞിന്റെ ജീവിതകാലം മുഴുവനും സാത്താന്റെ ഭരണത്തിൻ കീഴിലായിരിക്കും. കാണാതെ പോകുന്ന കുഞ്ഞുങ്ങളെ കണ്ടുപിടിക്കാം, സർട്ടിഫിക്കറ്റ്, ലൈസൻസ് കാർഡ്, ഇൻഷുറൻസ് കാർഡ്, പാസ്പോർട്ട്, ക്രെഡിറ്റ് കാർഡ്, ബാങ്ക് കാർഡ്, പാസ്ബുക്ക് പല സ്ഥാപനങ്ങളിൽ പോകുന്നതിനും, വരുന്നതിനും എല്ലാം ഈ മുദ്ര മതിയാകും. അവസാനം നരകത്തിലേക്ക് പോകാനും ഇതുമതി.






വർഷങ്ങൾക്കുമുമ്പ് അപ്പോസ്തലനായ യോഹന്നാന് യേശുക്രിസ്തുവിന്റെ വെളിപ്പാടു ലഭിച്ചത് ഈ അന്ത്യകാലത്ത് നടക്കുവാൻ പോകുകയാണ്. മനുഷ്യവർഗ്ഗത്തെ കമ്പ്യൂട്ടറിന്റെ നിയന്ത്രണത്തിലാക്കുവാനും നരകത്തിലേക്ക് നയിക്കുന്നതിനും സാത്താൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. എതിർക്രിസ്തുവിന്റെ സാമ്രാജ്യം വിപുലമാക്കുവാനും ലോകം മുഴുവനും അവന്റെ അധികാരത്തിൻ കീഴിലാക്കുവാനും അവനും അനുയായികളും ശക്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ അന്ത്യകാലത്ത് എതിർക്രിസ്തു എഴുന്നേൽക്കും. അവന്റെ മുദ്രയായ 666 എല്ലാവരും ഏൽക്കണമെന്ന് ആഹ്വാനം ചെയ്യും. മുദ്ര ഏൽക്കുന്നവർ മൃഗത്തെ അനുസരിക്കുയും ആരാധിക്കുകയും ചെയ്യും. ഇവരുടെ സ്വത്തുക്കളും ബാങ്ക് ബാലൻസും എല്ലാം സാത്താന്റെ അനുയായികൾ ഏറ്റെടുക്കുകയും ആവശ്യങ്ങൾ എല്ലാം നടത്തിക്കൊടുക്കുകയും ചെയ്യും.

എതിർക്രിസ്തു സമാധാനപ്രഭുവാണെന്ന് അഭിനയിക്കുകയും വളരെ കഷ്ടതയിൽ കൂടി കടന്നുപോകുന്ന രാജ്യങ്ങൾക്ക് മറക്കാനാക്കവിധം സമാധാനവും സാമ്പത്തികവും വാഗ്ദാനം ചെയ്യും. വിലയേറിയ പലതും കൊടുക്കുന്നതു മൂലം ലോകത്തിലുള്ള വലിയവർ എല്ലാം ഇവന്റെ പിന്നാലെ ആകും. അപ്പോഴേക്കും ഈ മൃഗം വലിയ പോപ്പുലർ ആകും. എന്നാൽ ഈ സമാധാനം ഒടുവിൽ ക്ഷാമത്തിലേക്കും രക്തചൊരിച്ചിലിലേക്കും നയിക്കും. മുദ്ര ഏൽക്കാത്തവർക്ക് പലതരത്തിലുള്ള കഷ്ടതകൾ അനുഭവിക്കേണ്ടിവരും. അനേകം കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരുടെ മുമ്പിൽ വച്ച് കൊല്ലപ്പെടും. ചിലർ ഈ കഷ്ടതകൾ സഹിക്കാൻ വയ്യാതെ തങ്ങളെതന്നെ സാത്താന് ഏല്പിച്ചു കൊടുക്കും. ദൈവം എല്ലാം ക്ഷമിക്കും എന്നവർ പറയും. എന്നാൽ ദൈവം പല പ്രാവശ്യം മുന്നറിയിപ്പായി പറഞ്ഞിട്ടുണ്ട് മുദ്ര ഏൽക്കരുതെന്ന്. അന്ത്യകാലത്ത് പലരും തങ്ങളുടെ വിശ്വാസത്തിൽ മരിക്കും. അന്നവർ നിങ്ങളെ ഉപദ്രവത്തിന് ഏൽപ്പിക്കുകയും കൊല്ലുകയും ചെയ്യും. അവസാനത്തോളം സഹിക്കുന്നവർ രക്ഷിക്കപ്പെടും (മത്തായി 24:4–13).

ക്ഷാമം അതികഠിനമാകുമ്പോൾ മനുഷ്യർ തങ്ങളുടെ കുഞ്ഞുങ്ങളെ പുഴുങ്ങിത്തിന്നും (ആവ. 28:53). ശമര്യയിൽ ഉണ്ടായ ക്ഷാമം 2 രാജാ. 6:28–29ൽ വായിക്കുന്നു. മുദ്ര ഏൽക്കാത്ത അനേകരുടെ മാംസം നുറുക്കി കാനുകളിൽ ആക്കി ക്ഷാമകാലത്തേക്ക് സൂക്ഷിച്ചുവയ്ക്കും. മാംസം മുറുച്ചുചതച്ചുണക്കി പ്ലൈവുഡ് പോലെ അടുക്കി ഉണക്കമാംസം കടകളിൽ വിൽപ്പനയ്ക്ക് ലഭിക്കും. ആയിരക്കണക്കിന് കുഞ്ഞുങ്ങളുടെ നാക്ക് മാതാപിതാക്കന്മാരുടെ മുമ്പിൽ വച്ച് വലിച്ചു മുറിച്ചു കളയും. ഈ ക്രൂര പ്രവർത്തനത്തിനു മുമ്പിൽ മാതാപിതാക്കൾ മുദ്ര ഏൽക്കും. എന്നാൽ ചിലപ്പോൾ ഒന്നോ രണ്ടോ പേർ രക്തസാക്ഷികളാകും. ദൈവവചനം വിശ്വസിക്കാത്തവർ ജഡീക സുഖങ്ങൾ വാഗ്ദാനം ചെയ്യുമ്പോൾ നിഷ്പ്രയാസം മുദ്ര ഏൽക്കും. അവർ ശാരീരിക ഉപദ്രവം സഹിക്കയില്ല. യേശുവിനെ തള്ളിപ്പറഞ്ഞ് സാത്താന്റെ മുദ്ര ഏൽക്കുകയും അവരെ നിത്യദണ്ഡനത്തിനായി വിടുകയും ചെയ്യും.

മുദ്ര ഏൽക്കാത്തവർക്ക് യാതൊന്നും വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ സാധിക്കയില്ല (വെളി. 13:17). എന്നാൽ മുദ്ര ഏൽക്കുന്നവർക്കുള്ള ശിക്ഷ തിരുവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. മൃഗത്തേയും അതിന്റെ പ്രതിമയേയും നമസ്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവർ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും. വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല (വെളി. 14:9–11). ഒന്നാമത്തവൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു. അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്ക് വല്ലാത്ത ദുർവ്വണം ഉണ്ടായി (വെളി. 16:2).

666 എന്ന മുദ്ര വെറുമൊരു അടയാളമാണ്. കുറ്റകൃത്യങ്ങൾ കുറയ്ക്കാനും അതുപോലെ വളരെ എളുപ്പം സാമ്പത്തികമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനും വേണ്ടിമാത്രമാണെന്ന് തെറ്റായ രീതിയിൽ പറയും. എന്നാൽ സർപ്പം ഹവ്വായെ ഉപായത്തിൽ ചതിച്ചതുപോലെ ഇതും സംഭവിക്കും. ഏദൻ തോട്ടത്തിൽ തിന്നരുതെന്നു ദൈവം കൽപിച്ചിട്ടുള്ള നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തീറ്റിച്ച് ദൈവത്തോട് അനുസരണക്കേടു കാണിച്ച് നിത്യജീവൻ നഷ്ടമാക്കിയതുപോലെ ഈ അന്ത്യകാലത്ത് മുദ്ര ഏൽപ്പിച്ച് ദൈവവചനത്തോട് അനുസരണക്കേടു കാണിക്കുവാനും നിത്യജീവൻ നഷ്ടമാക്കുവാനുമുള്ള സാത്താന്റെ തന്ത്രമാണിത്. 666 എന്ന മുദ്ര ആധുനിക ലോകത്തിലെ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ ആധുനിക ഫലമാണ്. തന്നെയുമല്ല ഈ മുദ്ര ഒന്നുകിൽ ദൈവത്തെ തെരഞ്ഞെടുക്കുക അല്ലെങ്കിൽ സാത്താനെ തെരഞ്ഞെടുക്കുക. ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം. പ്രിയമുള്ളവരെ, നാം ഏതു തെരഞ്ഞെടുക്കും.

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st July 2014
Posted on 15th July 2014
Posted at R.M.S. Kayamkulam

## എന്തു ചെയ്യണം എന്നറിയാതെ



ചന്ദ്രനിലേക്ക് യാത്ര ചെയ്യുന്ന ഒരുപറ്റം മനുഷ്യരുടെ കഥയാണ് അപ്പോളോ-13 എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. യാത്രാമധ്യേ ചാന്ദ്രവാഹനത്തിന്റെ ഓക്സിജൻ ടാങ്ക് പൊട്ടി. അവരുടെ ക്യാപ്സ്യൂളിനു പുറത്ത് താപനില പൂജ്യം ഡിഗ്രിയിൽ നിന്നു ഇരുപത്തിയെട്ടു ഡിഗ്രിയിലും കുറവുള്ള ശൂന്യാകാശം. അതായത് അതിശൈത്യം! ഇനിയും ചില മണിക്കൂറുകൾക്കുള്ളിൽ ഓക്സിജൻ മുഴുവൻ തീരും! എങ്ങനെ നോക്കിയാലും ഭൂമിയിൽ തിരിച്ചെത്താൻ യാതൊരു നിർവാഹവുമില്ല.

ആ സമയം ഹൂസ്റ്റണിൽ നാസയിലെ ശാസ്ത്രജ്ഞന്മാർ വിരണ്ടുപിടിച്ച് ഓടുകയാണ്. എന്തു ചെയ്യണം എന്നറിയാതെ കുഴങ്ങുകയാണ്. ഇതിനിടയിൽ കൺട്രോൾ റൂമിൽനിന്നു ശാസ്ത്രജ്ഞന്മാരുടെ തലവന്റെ ശബ്ദം ഗഗനചാരികൾ ശ്രദ്ധിച്ചുകേട്ടു: നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട കാര്യമില്ല. നിങ്ങൾക്ക് യാതൊരു വിഷമവും കൂടാതെ ഭൂമിയിലേക്കു മടങ്ങിവരാം. ഞാൻ പറയുന്ന കാര്യങ്ങൾ കൃത്യമായി അതുപോലെ തന്നെ നിങ്ങൾ ചെയ്യുക; ഒരു കുഴപ്പവും ഉണ്ടാകയില്ല. നിങ്ങളുടെ പ്രശ്നം ഞങ്ങൾ അറിയുന്നു...

അത് നമുക്കു ശരിയാക്കാം. അതിനായി ചില സൂചനകൾ അദ്ദേഹം അവർക്കു കൊടുത്തു. അക്ഷരംപ്രതി അവർ അത് അനുസരിച്ചു. അതിനാൽ അവരുടെ ജീവിതം അവർക്ക് നഷ്ടമായില്ല. ഒരു പ്രശ്നവും കൂടാതെ ഭൂമിയിലേക്കു മടങ്ങിവരാൻ അവർക്കു സാധിച്ചു.

എന്തു ചെയ്യണം എന്നറിയാതെ വിഷമിക്കുന്ന സാഹചര്യങ്ങളിൽ നാം മനസിലാക്കേണ്ട ഒരു യാഥാർത്ഥ്യമുണ്ട്. അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവം നമ്മെ സഹായിക്കാൻ കഴിവുള്ളവനാണ്.

എന്തു ചെയ്യണം എന്നറിയാതെ വിഷമസന്ധിയിലാകുന്ന നിരവധി അവസരങ്ങൾ നമുക്കുണ്ടാകാറുണ്ട്. ചിലപ്പോൾ ജീവൻതന്നെ അപകടത്തിലായെന്നുവരാം. നിയമങ്ങളുടെ അനുസരണം വിഷമഘട്ടങ്ങൾ അതിജീവിക്കാൻ സഹായകമാണ്. ജീവിതത്തിൽ എന്തു ചെയ്യണം എന്നറിയാതെ വിഷമിക്കുന്ന സാഹചര്യങ്ങളിൽ ഉറ്റുനോക്കുവാൻ മാനവരാശിയ്ക്കു ലഭിച്ച നിയമഗ്രന്ഥമാണ് ബൈബിൾ. അതിൽ പറയുന്ന കാര്യങ്ങൾ കൃത്യമായി അനുസരിച്ചാൽ ജീവിതപ്രശ്നങ്ങൾക്ക് നിശ്ചയമായും പരിഹാരമുണ്ടാകും.







☺ ദൈവത്തിൽ വിശ്വസിക്കുന്നവർ തെറ്റു ചെയ്യുമോ?

*എബി ഏബ്രഹാം, മാമൂട്, ചങ്ങനാശ്ശേരി*

**☹ചെയ്യും. പക്ഷെ സമ്മതിക്കത്തില്ല.**

☺ചിന്തകന്മാർ അധികം സംസാരിക്കില്ല. കാരണം.

*ഷേർളി സാം, ചെറുവയ്ക്കൽ, കൊല്ലം.*

**☹ശരിയ്ക്കും ചിന്തിക്കുന്നവൻ ആവശ്യമില്ലാതെ സംസാരിക്കില്ലല്ലോ.**

☺സമാധാനവും സന്തോഷവും പറന്നകലുന്ന പക്ഷികളെപ്പോലെയാണ്.

*മോളമ്മ തോമസ്, കോട്ടവാതുക്കൽ, പാമ്പാടി*

**☹സമാധാനസന്തോഷ ചിന്തകൾ കൊണ്ട് പക്ഷികളെപ്പോലെ പറക്കാൻ പഠിക്കണം.**

☺ ആത്മീയ നേതാക്കന്മാർ തങ്ങളുടെ ജീവിതത്തിൽ നിന്ന് തെളിയിച്ചു തന്ന കാര്യങ്ങൾ വിസ്മരിക്കരുത്.

*ബ്ലസി സൈമൺ, കണ്ണമ്മൂല, തിരുവനന്തപുരം*

**☹ആത്മീയം എന്നത് ആവശ്യാനുസരണം വലിച്ചു നീട്ടാവുന്നതും ചുരുട്ടി മൂലയ്ക്ക് വയ്ക്കാവുന്നതാണെന്നും അവർ തെളിയിച്ചുതന്നല്ലോ.**

☺സ്ത്രീകളുടെ വസ്ത്ര സങ്കൽപ്പങ്ങൾ മാറി. അടിവസ്ത്രത്തിന്റെ നിറം വരെ മറ്റുള്ളവർ അറിയണമെന്ന രീതിയിലാണ് വസ്ത്രധാരണം. എന്തുപറയുന്നു.

*ജോസ് ദാനിയേൽ, പൊട്ടകുളം, അടിമാലി.*

**☹അറിയാനുള്ള അവകാശം എല്ലാവർക്കും ഉള്ളതിനാൽ ജീവിതം സുതാര്യമാകുന്നതിന്റെ ലക്ഷണമാണിത്.**

☺ആഗ്രഹങ്ങൾ അധികമായാൽ.

*എബി മാമ്മൻ, മരുതുംമൂട്, കരിമ്പ*

**☹ ആയുസു കുറയും, ആഗ്രഹങ്ങൾ താങ്ങാൻ ആയുസുണ്ടാവില്ല.**

☺കരുതി നടന്നാൽ കരയേണ്ട. അപ്പോൾ ദൈവം കരുതിയാലോ.

*ലീനാ സെബാസ്റ്റ്യൻ, ഇരവിനെല്ലൂർ, പുതുപ്പള്ളി, കോട്ടയം*

**☹നാം ഒന്നും കരുതേണ്ടാ.**

## ദ്രവ്യഭാരം



സാധു സുന്ദർസിങ് മാരാമൺ യോഗത്തിനു വന്ന കഥ വായിച്ചിട്ടുണ്ട്. കുടിൽകെട്ടി പ്രാർത്ഥനയിലിരിക്കുന്ന തന്നെക്കാണാൻ ഹൈന്ദവ സ്ത്രീപുരുഷന്മാർ വന്ന വിവരമറിയിച്ചിട്ടും താനിറങ്ങിച്ചെന്നില്ല. ഒടുവിൽ വിമനസ്സനായിച്ചെന്നു. കാത്തുനിന്നവരോടു പറഞ്ഞു: "നിങ്ങളെന്തിന് എന്നെ കാണുന്നു? എന്നെ കണ്ടതുകൊണ്ട് ഒരു പ്രയോജനവുമില്ല; നിങ്ങൾ യേശുവിനെ കാണുക. അവിടുന്നാണു രക്ഷകൻ." ഇത് നമ്മുടെ എത്ര നേതാക്കൾക്കു ചിന്താവിഷയമാണ്?

നല്ല വൈദ്യനെയും നല്ല മരുന്നിനെയും തേടിവരുന്ന സാധുക്കളെ വെറുതെ ഓരോന്ന് പറഞ്ഞ് കബളിപ്പിക്കാതെ ഹൃദയമാകുന്ന പാത്രത്തിൽ അനുഗ്രഹം നിറച്ചുവിടുന്ന ആ പരമവൈദ്യനെയൊന്നു ചൂണ്ടിക്കാട്ടുവാൻ, ജനത്തിന്റെ മുൻപിൽ 'ഹീറോ' ആയിച്ചമയാൻ ബന്ധപ്പെടുന്ന ക്രൂസേഡു വിദഗ്ദന്മാർ ഇനിയെന്നു മനസ്സുവെയ്ക്കും? അതിനുള്ള വിനയവും പരിജ്ഞാനവും ഇനിയെന്നവർക്കു ലഭിക്കുമെന്നു ഞാൻ ചോദിച്ചുപോവുകയാണ്. ചുരുക്കിപ്പറഞ്ഞാൽ, വലിയ ബാനറെഴുതികെട്ടിയിട്ട് ആത്മസൗഖ്യവുമില്ല, ദേഹസൗഖ്യവുമില്ലായെന്ന മട്ടിൽ പൊളിച്ചു കെട്ടിപ്പോകുന്ന ഇന്നത്തെ രീതിയല്ല. പെന്തക്കോസ്തു നാളിൽ പത്രോസ് ശുശ്രൂഷിക്കുമ്പോൾ രക്ഷിക്കപ്പെട്ടു വചനമനുസരിച്ച് വ്യവസ്ഥപ്രകാരം സഭയായി മാറിയ ആദിമനൂറ്റാണ്ടിലെ അതേയനുഭവങ്ങളുടെ വളർച്ചയാണിന്നു ലോകത്തിനാവശ്യമായിരിക്കുന്നത്. ആരും പരിഭവിക്കരുത്. 'മെഗാ ചർച്ചല്ല', 'ക്വാളിഫൈഡ് ചർച്ചാണ്' ദൈവത്തിനുവേണ്ടത്. വലുപ്പത്തെയല്ല, ഗുണത്തെയാണ് നാഥൻ നോക്കുന്നത്. വിലയിരുത്തിപ്പറഞ്ഞാൽ, നമ്മുടെ ആത്മീയ ബഹളങ്ങളുടെ ഉള്ളിന്റെയുള്ളിൽ ആത്മഭാരമാണോ ദ്രവ്യഭാരമാണോ മുന്നിട്ടു നിൽക്കുന്നതെന്നു കണ്ടെത്താൻ നാം ശ്രമിച്ചാൽ മതി.




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally